2020
മാർച്ച്
വാല്യം 13 | ലക്കം 3
Annual Subscription ₹ 60.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



## വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ

2020 മാർച്ച് 19 വ്യാഴം

# മിഷനറി വൈദികർക്ക് വിജയപുരം രൂപത സ്വീകരണം നൽകി



കെ.സി.ബി.സി.യുടെ ആഹ്വാനപ്രകാരം കേരള കത്തോലിക്കാ സഭ ആചരിച്ചുകൊണ്ടിരിക്കുന്ന പ്രേഷിതവർഷത്തോടനുബന്ധിച്ച് ഒറീസ്സയിൽ മിഷൻ പ്രവർത്തനം നടത്തുന്ന വൈദികസംഘത്തിന് വിജയപുരം മെത്രാസന മന്ദിരത്തിൽ സ്വീകരണം നൽകി. തങ്ങളുടെ മിഷനറി ശുശ്രൂഷകളിൽ നേരിടുന്ന ബുദ്ധിമുട്ടുകളും തടസ്സങ്ങളും ദൈവകൃപയാൽ തരണം ചെയ്യുവാൻ സാധിക്കുന്നുണ്ടെന്ന് മിഷനറി അനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് അവർ പറഞ്ഞു. കോട്ടയം സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവിനൊപ്പം മിഷനറി വൈദികർ സമൂഹദിവ്യബലിയർപ്പിക്കുകയും വിശ്വാസികളെ അഭിസംബോധന ചെയ്യുകയും ചെയ്തു. രണ്ടു ദിവസത്തെ വിജയപുരം രൂപതാപര്യടനം ഏറെ സന്തോഷകരമായി അനുഭവപ്പെട്ടുവെന്ന് അവർ അഭിപ്രായപ്പെട്ടു.



വിജയപുരം രൂപത സന്ദർശിച്ച ഐസൻസ്റ്റാട്ട് രൂപതാ ബിഷപ് മോൺ. എജീദിയൂസ് സിഫ്കോവിച്ച് നാഗമ്പടം സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**MARCH 2020** Registered Newspaper, Reg.No. KERMAL/2008/24745 **Vol.13 • No.3**



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4 എഡിറ്റോറിയൽ:
മംഗളവാർത്താ മഹോത്സവം

6 രൂപതാകാര്യാലയത്തിൽ നിന്ന്

8 പെസഹാനുഭവത്തിലേക്കു നയിക്കുന്ന
പുണ്യമായ തപസ്സുകാലം (സർക്കുലർ)

12 2020–ലെ നോമ്പുകാല സന്ദേശം
ഫ്രാൻസിസ് പാപ്പാ(സർക്കുലർ)

16 മദ്യവിരുദ്ധ ഞായർ, 2020 മാർച്ച് 8

20 വിജയപുരം പാസ്റ്ററൽ കൗൺസിൽ യോഗം

22 ഇടവകവാർത്തകൾ

24 മതബോധനരംഗം

26 സംഘടനാവാർത്തകൾ

28 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ ഏപ്രിൽ മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com




# മംഗളവാർത്താ മഹോത്സവം

**മാ**ർച്ച് മാസം 25-ാം തീയതി യേശുവിന്റെ ജനനത്തിന്റെ ആഘോഷ മായ ക്രിസ്തുമസിന് (ഡിസംബർ 25) ഒൻപതുമാസങ്ങൾക്കു മുമ്പ് യേശു ഗർഭം ധരിക്കപ്പെട്ടതിന്റെ ആഘോഷം നടത്തപ്പെടുന്നു. മംഗളവാർത്താ തിരുനാളിലൂടെ നമ്മുടെ പ്രാർത്ഥനകളിൽ ഏറ്റവും കൂടുതൽ ശ്രദ്ധയിൽ വരുന്ന പ്രധാന സംഭവമാണ് മംഗളവാർത്ത. ഞായറാഴ്ചകളിലും മഹോ ത്സവങ്ങളിലും ദിവ്യബലിയിൽ പ്രാർത്ഥിക്കുന്ന വിശ്വാസപ്രമാണത്തിൽ ഈ സംഭവം ശ്രദ്ധയിൽ വരുമ്പോൾ (ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി" എന്നു ചൊല്ലുമ്പോൾ) എല്ലാവരും ആദരവോടെ ശിരസ്സു നമിക്കുന്നു. ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്ന "നന്മനിറഞ്ഞ മറി യമേ..."" എന്നു തുടങ്ങുന്ന പ്രാർത്ഥനയുടെ ആദ്യവാക്കുകൾ തന്നെ മംഗ ളവാർത്താനുഭവത്തിൽ ഗബ്രിയേൽ ദൂതൻ മറിയത്തോടു പറഞ്ഞ വാക്കു കളാണ്. ജപമാല പ്രാർത്ഥിക്കുമ്പോൾ (സന്തോഷത്തിന്റെ രഹസ്യങ്ങളിൽ) ഒന്നാമത് ധ്യാനിക്കപ്പെടുന്നത് മംഗളവാർത്താ സംഭവമാണ്. ത്രികാലജപം അഥവാ ത്രിസന്ധ്യാജപം (പ്രഭാതം, മധ്യാഹ്നം, സായാഹ്നം എന്നീ സന്ധ്യ കളിൽ) നാം ഉരുവിടുമ്പോഴും (വിശുദ്ധവാരത്തിലും പെസഹാക്കാലത്തും ഒഴികെ ഒരോ ദിവസവും മൂന്നു പ്രാവശ്യം ഈ സംഭവം നാം പ്രാർത്ഥനാ വിഷയമാക്കുന്നുണ്ട്. രക്ഷാകര ചരിത്രത്തിലെ രക്ഷാകരസംഭവത്തിന്റെ തുടക്കമാണ് മറിയത്തിന്റെ മംഗളവാർത്താനുഭവം. നമ്മുടെ ജീവിതത്തിൽ നമുക്കുണ്ടാകേണ്ട മൂന്ന് അനുഭവങ്ങളും മൂന്നു ജീവിതബോദ്ധ്യങ്ങളുമാണ് ഈ സംഭവം നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

**മൂന്ന് അനുഭവങ്ങൾ**

ദൈവവ്യക്തികളായ പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശു ദ്ധാത്മാവിൽ നിന്നും വരുന്ന ത്രിത്വൈകാനുഭവമാണ് ക്രൈസ്തവ ജീവി തത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്ന മൂന്ന് അനുഭവങ്ങൾ.

1. പിതാവിൽ നിന്നുള്ള അനുഭവം : ദൈവകൃപ നിറഞ്ഞവളേ സ്വസ്തി. കർത്താവ് നിന്നോടുകൂടെ. "എന്ന മാലാഖയുടെ സംബോധനയിലൂടെ പിതാവായ ദൈവത്തിന്റെ സ്നേഹ (കൃപ) സാന്നിദ്ധ്യം അവൾ അനുഭവി ച്ചു."

2. പുത്രനിൽ നിന്നുള്ള അനുഭവം. മാലാഖയിലൂടെ വെളിപ്പെട്ട ദൈവ വചനത്തിന് മറിയം താഴ്മയോടെ പ്രത്യുത്തരമേകിയപ്പോൾ പുത്രനായ ദൈവത്തെ- വചനം തന്നെയായ ദൈവത്തെ അവൾ ഗർഭം ധരിച്ചു. അവ ളുടെ ആത്മാവിലും, ഹൃദയത്തിലും മനസ്സിലും മാത്രമല്ല ശരീര ത്തിൽപോലും അവൻ നിറഞ്ഞു. "ക്രിസ്തു എന്നിൽ ജീവിക്കുന്നു." (ഗല.

2:20) എന്ന പൗലോസപ്പോസ്തലന്റെ വാക്കുകൾ ആദ്യം അന്വർത്ഥമാ യത് മറിയത്തിലാണ്. മംഗളവാർത്താനുഭവത്തിലാണ്.

3. പരിശുദ്ധാത്മാവിൽ നിന്നുള്ള അനുഭവം: പിതാവായ ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം മാത്രമല്ല, പുത്രനായ വചനത്തിന്റെ നിറവുമാത്രമല്ല പരിശുദ്ധാത്മാവിന്റെ അഭിഷേകവും അവൾക്കുണ്ടായി. "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതിന്റെ ശക്തി നിന്നിൽ ആവസിക്കും" എന്ന വചനത്തിലൂടെ.

**മൂന്നു ജീവിത ബോദ്ധ്യങ്ങൾ–** മുകളിൽ പറഞ്ഞ മൂന്നു ദൈവാനുഭവ ങ്ങൾ കൂടാതെ ജീവിതത്തിൽ നാം പുലർത്തേണ്ട മൂന്നു ബോദ്ധ്യങ്ങളും മംഗളവാർത്താനുഭവത്തിൽ വെളിപ്പെടുന്നുണ്ട്.

1. ദൈവം എന്നെ അത്യധികം സ്നേഹിച്ച് എന്റെ കൂടെയുണ്ട്. എന്നെ സംരക്ഷിക്കാൻ, പരിപാലിക്കാൻ, ആശ്വസിപ്പിക്കാൻ, അനുഗ്രഹിക്കാൻ, വഴിനടത്താൻ. 23–ാം സങ്കീർത്തനങ്ങളിലെ സങ്കീർത്തകന്റെ അനുഭവങ്ങ ളാണ് ഇവിടെ ശ്രദ്ധയിൽ വരുക.

2. എന്നെക്കുറിച്ച് ദൈവത്തിന് വലിയ പദ്ധതിയുണ്ട്, സ്വപ്നമുണ്ട്. അതി നാൽ ഭൂമിയിൽ എനിക്ക് നിറവേറ്റാൻ ഒരു ദൈവിക ദൗത്യമുണ്ട്. നാമാരും ആരിലോ നിന്ന് അബദ്ധത്തിൽ വെറുതെ പിറന്നതല്ല. "നീ ദൈവപുത്രന്റെ, ലോക രക്ഷകന്റെ അമ്മയാകണം." എന്നതായിരുന്നു മംഗളവാർത്ത അനു ഭവത്തിൽ മറിയത്തിനു വെളിപ്പെട്ട ജീവിത ദൗത്യം.

3. എന്നിൽ ദൈവിക ശക്തിയുണ്ട്: "ഇതെങ്ങനെ സംഭവിക്കും. ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" എന്തുപറഞ്ഞ് തന്റെ ബലഹീനത (ഒരു മനുഷ്യശിശുവിന്റെ അമ്മയാകാൻ പോലും സാധിക്കുന്നില്ലല്ലോ.) ഏറ്റുപ റഞ്ഞ മറിയത്തിന് പരിശുദ്ധാത്മാവ് നിന്റെ മേൽവരും. ദൈവത്തിന്റെ ശക്തി നിന്നിൽ ആവസിക്കും" എന്നു വാഗ്ദാനം ചെയ്തുകൊണ്ട് ദൈവശക്തി യാൽ അവളെ നിറച്ചു. ഏറ്റം മോഹനമായ രീതിയിൽ ദൈവദൗത്യം നിറ വേറ്റാൻ അവൾക്കു സാധിച്ചു ദൈവപദ്ധതിയുടെ മുമ്പിൽ എളിമയോടെ ബലഹീനത ഏറ്റുപറയാൻ തയ്യാറാകുമ്പോൾ ദൈവം പരിശുദ്ധാത്മാവി ലൂടെ തന്റെ ശക്തിയാൽ നമ്മെ നിറയ്ക്കും. അപ്പോൾ "എന്നെ ശക്തനാ ക്കുന്നവനിലൂടെ എനിക്കെല്ലാം ചെയ്യാൻ സാധിക്കും" (ഫിലി. 4:13) എന്നു പൗലോസപ്പോസ്തലനോടു ചേർന്ന് നമുക്കും പറയാൻ സാധിക്കും.

ദൈവസ്വരം കേട്ട്, ദൈവപദ്ധതി തിരിച്ചറിഞ്ഞ് ദൈവത്തിന്റെ വാഗ്ദാ നത്തിൽ വിശ്വസിച്ച് "ഇതാ കർത്താവിന്റെ ദാസി. നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ" എന്നു പറഞ്ഞ് ദൈവ ദൗത്യം നിറവേറ്റിയ മറിയ ത്തെപ്പോലെ നമുക്കും നമ്മെത്തന്നെയും നമ്മുടെ ശരീരത്തെയും ദൈവ ത്തിന് സജീവബലിയായി അർപ്പിക്കാം. ലോകത്തിന് രക്ഷപകരുന്ന, രക്ഷ കനെ കാണിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ നമുക്കേർപ്പെടാം.

മറിയവും അവളെ ദൈവത്തിന്റെ നിയോഗപ്രകാരം ഭാര്യയായി സ്വീക രിച്ച്, സ്നേഹിച്ച്, സംരക്ഷിച്ച്, പരിപാലിച്ച്, ആശ്വസിപ്പിച്ച്, ദൈവപുത്രന്റെ വളർത്തു പിതാവും തിരുകുടുംബത്തിന്റെ പാലകനുമായിത്തീർന്ന യൗസേ പ്പിതാവും (അദ്ദേഹത്തിന്റെ തിരുനാളാണല്ലോ മാർച്ച് 19–ാം തീയതി നാം ആഘോഷിക്കുക) നമുക്ക് മാദ്ധ്യസ്ഥ്യം വഹിക്കട്ടെ. നമ്മിലൂടെ, നമ്മുടെ കുടുംബങ്ങളിലൂടെ ലോകരക്ഷകൻ നമ്മുടെ ലോകത്തിലേക്ക് വീണ്ടും വീണ്ടും കടന്നുവരട്ടെ.

# രൂപതാ കാര്യാലയത്തിൽ നിന്ന്

## വെള്ളപ്പൊക്ക ദുരിതാശ്വാസ വരവുചെലവ് കണക്ക് – 2018

| | | | |
|---|---|---|---|
| കോഴിപ്പള്ളി മതബോധനയൂണിറ്റ് | - | 1400.00 | |
| മ്യാവോ രൂപത | - | 107000.00 | |
| വ്യക്തികൾ | - | 234274.00 | |
| സ്ഥാപനങ്ങൾ | - | 986351.00 | |
| കെഎൽസിഎ. നെയ്യാറ്റിൻകര | - | 50000.00 | |
| കെ.എൽ.സി.എ പാക്കിൽ | - | 25000.00 | |
| ഇടവകകളും- ചാപ്പലുകളും | - | 1071825.00 | |
| പ്രീസ്റ്റ് ഹോം -തെള്ളകം | - | 13000.00 | |
| കോർപ്പറേറ്റ് ഏജൻസി സ്കൂളുകൾ | - | 200000.00 | |
| സെന്റ് പോൾസ് ഫൗണ്ടേഷൻ വെട്ടിമുകൾ | - | 15000.00 | |
| ഭക്ഷണസാധനങ്ങൾ | - | | 484765.00 |
| മറ്റുചിലവുകൾ യാത്രാചെലവുകൾ | - | | 31744.00 |
| ഭവന അറ്റകുറ്റപ്പണികൾ | - | | 1319832.00 |
| സാനിറ്ററി ഐറ്റംസ് | - | | 60337.00 |
| പാത്രങ്ങൾ | - | | 57484.00 |
| കെസിബിസി | - | | 100000.00 |
| ഗ്യാസ് അടുപ്പ് | - | | 210000.00 |
| ടോയ്ലറ്റ് അറ്റകുറ്റപ്പണി | - | | 90000.00 |
| നീക്കിയിരിപ്പ് | - | | 349688.00 |
| **ആകെ** | - | **2703850.00** | **2703850.00** |

## വൈദികദിനാഘോഷവും തൈലാശിർവാദകർമ്മവും

**ഏപ്രിൽ 7,8 തീയതികളിൽ വിമലഗിരി പാസ്റ്ററൽ സെന്ററിൽ**
**തൈലാശീർവാദ പൂജ- ഏപ്രിൽ 8 രാവിലെ 7.30ന്**

*വികാരി ജനറാൾ*

## പ്രായപൂർത്തിയാവാത്തവരുടെ സംരക്ഷണത്തിനായുള്ള സഭാ കാര്യാലയം

വെ.റവ.ഫാ. സെൽവി ആന്റണി
റവ.ഫാ. ജോസഫ് കാനപ്പിള്ളി
റവ.സി. ലിറ്റിൽ ഫ്ളവർ സി.ടി.സി.

## പ്രാഥമിക അന്വേഷണസമിതി

വെ.റവ.ഫാ. സെൽവി ആന്റണി
വെ.റവ.ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ
റവ.സി. ലിറ്റിൽ ഫ്ളവർ സി.ടി.സി.

## ലൈംഗികകുറ്റ അന്വേഷണസമിതികൾ

വെ.റവ.ഫാ. ജുഡീഷ്യൽ വികാർ
ശ്രീമതി മേരി മാത്യു
റവ.സി. ജ്യോതി തോമസ് എസ്.സി.സി.

വെ.റവ.ഫാ. ജുഡീഷ്യൽ വികാർ
മോൺ ജോസ് നവസ്
ശ്രീമതി വിജി വർഗ്ഗീസ്

## മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്

വിജയപുരദൂതിന്റെ വരിസംഖ്യ പുതുക്കാനുള്ളവർ എത്രയും വേഗത്തിൽ മാനേജിംഗ് എഡിറ്റർ ഫാ. അജി ജോസഫ് ചെറുകാക്രാംചേരിലിന്റെ പേരിൽ വരിസംഖ്യ നൽകുവാൻ ശ്രദ്ധിക്കുക.

*സർക്കുലേഷൻ മാനേജർ*
*9496564652*

Diocese of Vijayapuram
CIRCULAR LETTER
VOL. XIV • NO. 01 • 2020 • FEBRUARY 2020

# പെസഹാനുഭവത്തിലേക്കു നയിക്കുന്ന പുണ്യമായ തപസ്സുകാലം

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

രക്ഷകനായ യേശുനാഥന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം തുടങ്ങിയ രക്ഷാകര പദ്ധതികളെ ധ്യാനിക്കുന്ന വിശുദ്ധമായ നോമ്പുകാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. അതിശ്രേഷ്ഠമായ ഈ ആരാധന ഘട്ടത്തിലെ അനുഷ്ഠാനങ്ങൾ മുഖ്യമായും നമ്മുടെ ജ്ഞാനസ്നാനത്തേയും മാനസാന്തരത്തിനായുള്ള പ്രായശ്ചിത്ത കർമ്മങ്ങളെയും സ്പർശിക്കുന്നവയായിരിക്കണം. ആരാധനക്രമത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ വ്യക്തമാക്കുന്നു "വലിയ നോമ്പുകാലത്തിന്റെ രണ്ടു പ്രത്യേകതകൾ മാമ്മോദീസായുടെ അനുസ്മരണവും ഒരുക്കവും പ്രായശ്ചിത്ത പ്രവൃത്തികളുമാണ്" (SC. 109). "പാപമോചനത്തിനുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ടു സ്നാപകയോഹന്നാൻ മരുഭൂമിയിൽ പ്രത്യക്ഷപ്പെട്ടു." (മർക്കോ 1:4-5) "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 3:2) എന്ന് അവൻ ആഹ്വാനം ചെയ്തു. സാത്താന്റെ പ്രലോഭനത്തിന് അടിമപ്പെട്ട ദൈവജനതയെ അവൻ സംബോധന ചെയ്തത് "അണലി സന്തതികളെ" (മത്താ 3:7) എന്നാണ്. ജലം കൊണ്ടു മാത്രമേ തനിക്കു ജ്ഞാനസ്നാനം നൽകാൻ കഴിയു. എന്നാൽ യഥാർത്ഥമായ രക്ഷകനു വഴിയൊരുക്കുവാനാണ് താൻ വന്നിരിക്കുന്നത് എന്ന സത്യം വിനയപൂർവ്വം സ്പഷ്ടമായി യോഹന്നാൻ വെളിപ്പെടുത്തി. "ഞാൻ ജലം കൊണ്ട് സ്നാനം നല്കുന്നു. എന്നാൽ എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നല്കും." (ലൂക്ക 3:16-17). ക്രിസ്തുവിൽ ജ്ഞാനസ്നാനപ്പെടുന്നവർ പുതുസൃഷ്ടികളായി രൂപാന്തരപ്പെടുന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു "മാമ്മോദീസ എല്ലാ പാപങ്ങളിലും നിന്നും ശുദ്ധീകരിക്കുക മാത്രമല്ല, വിശ്വാസത്തിലെ നവജാതനെ ഒരു പുതുസൃഷ്ടി ആക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ദത്തുപുത്രനും, തത്ഫലമായി ദൈവിക സ്വഭാവത്തിൽ പങ്കുകാരനും ക്രിസ്തുവിന്റെ അവയവവും അവിടുത്തെ സഹാവകാശിയും പരിശുദ്ധാത്മാവിന്റെ ആലയവും ആക്കുന്നു." (CCC- 1265) ജ്ഞാനസ്നാനം: "ദൈവിക പുണ്യങ്ങളാൽ അവിടുന്നിൽ പ്രത്യാശവയ്ക്കാനും അവിടുത്തെ സ്നേഹിക്കാനും അതു കഴിവുള്ളവനാക്കുന്നു.

- പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വഴി, അവിടുത്തെ പ്രചോദനമനുസരിച്ച് ജീവിക്കാനും പ്രവർത്തിക്കാനും ശക്തി നല്കുന്നു.

- ധാർമ്മിക സുകൃതങ്ങളിലൂടെ നന്മയിൽ വളരാൻ കഴിവു നല്കുന്നു.

- അങ്ങനെ ക്രൈസ്തവന്റെ അതിസ്വാഭാവിക ജീവിതത്തിന്റെ സംവിധാനം മുഴുവനും മാമ്മോദീസായിൽ വേരൂന്നിയിട്ടുള്ളതാണ്." (CCC - 1266) പാപം മൂലം മരണത്തിന് വിധേയനായ മനുഷ്യന് തന്റെ സ്നേഹബലിയിലൂടെ ജീവൻ വീണ്ടെടുത്തു നല്കിയതാണല്ലോ ദൈവത്തിന്റെ രക്ഷാകരപദ്ധതി. ദൈവം മനുഷ്യാവതാരം ചെയ്തത് മനുഷ്യന് ജീവൻ നല്കാനും അതു സമൃദ്ധമായി നല്കുവാനുമാണ്. മനുഷ്യനു ജീവൻ ലഭിക്കണമെങ്കിൽ പാപത്തെ പാടെ വെടിയേണ്ടിയിരിക്കുന്നു. ജ്ഞാനസ്നാനത്തിലൂടെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ദൈവമക്കളുടെ അവസ്ഥയിലേക്കു ഉയർത്തപ്പെട്ട മനുഷ്യർ വീണ്ടും പാപത്തിന് അടിമകളാകുന്ന ദയനീയമായ അവസ്ഥ ഇന്നും നിലനില്ക്കുന്നു. സ്വന്തം സുഖങ്ങൾക്കും താലപര്യങ്ങൾക്കും വേണ്ടി ദൈവത്തെയും സഹോദരങ്ങളെയും ഉപേക്ഷിക്കുന്നതാണ് യഥാർത്ഥ പാപം. സ്വാർത്ഥതയും അഹങ്കാരവും അധികാരമോഹവും ദൈവത്തെ കാര്യസാദ്ധ്യത്തിനായുള്ള ഒരു വേദിയായും സഹോദരങ്ങളെ ഉപഭോഗവസ്തുക്കളായും മാത്രം കാണാൻ പ്രേരിപ്പിക്കുന്നു. മനുഷ്യൻ അവനറിയാതെ തന്നെ മരണസംസ്കാരത്തിന്റെ പ്രവാചകനായി മാറുന്നു. ആഗതമായിരിക്കുന്ന തപസ്സുകാലം ജ്ഞാനസ്നാനത്തിലൂടെ നമുക്കുണ്ടായിരുന്ന വരപ്രസാദകാലത്തെ അനുസ്മരിപ്പിക്കുകയും പുതുജീവന്റെ പെസഹാനുഭവത്തിലേക്കു വീണ്ടും ക്ഷണിക്കുകയും ചെയ്യുന്നു.

**നിസാരതയും മഹത്വവും ഒരുപോലെ ശ്രദ്ധിക്കപ്പെടേണ്ട സമയം**

തന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ (ഉല്പ. 1:27) പാപം ചെയ്തപ്പോൾ ദൈവം അവനെ തീർത്തും നിസാരനാക്കി മാറ്റി. മനുഷ്യനോട് അരുൾ ചെയ്തു. "മണ്ണിൽ നിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും. നീ പൊടിയാകുന്നു. പൊടിയിലേക്കു തന്നെ നീ മടങ്ങും." (ഉല്പ. 3:19). തന്റെ ഉത്തമ സൃഷ്ടിക്കു പേരുകൊടുക്കുന്നത് മണ്ണ്, ചെളി എന്നർത്ഥമുള്ള 'അദാമാ' അഥവാ ആദം എന്ന ഹീബ്രു പദമുപയോഗിച്ചാണ്. തീർത്തും പൂഴിയായ അവസ്ഥയിൽ നിന്നുമാണ് ദൈവം മനുഷ്യനെ സജീവനാക്കുന്നത്. പാപം ചെയ്യുമ്പോഴാണ് ദൈവമക്കൾക്കടുത്ത സ്ഥാനത്തെക്കുറിച്ചുള്ള അവബോധം മനുഷ്യന് നഷ്ടമാകുന്നത്. എന്നാൽ കാരുണ്യവാനും സ്നേഹമയിയുമായ ദൈവം മനുഷ്യനെ വീണ്ടെടുക്കാനാണ് പദ്ധതി തയ്യാറാക്കിയത്- മനുഷ്യവതാരപദ്ധതി. മനുഷ്യനെ അവന്റെ യഥാർത്ഥമായ മഹത്വത്തിലേക്കു ഉയർത്തുവാനുള്ള ദൈവസ്നേഹത്തിന്റെ ഉദാത്തമായ പ്രവൃത്തി. "യഥാർത്ഥ മനുഷ്യൻ ആരാണെന്ന് യേശു ലോകത്തിനു കാണിച്ചു കൊടുത്തു. യേശുക്രിസ്തുവിൽ നവജീവിതം ലഭിച്ച പുതിയ മനുഷ്യനെ വി. പൗലോസ് അവതരിപ്പിക്കുന്നുണ്ട്. "പഴയ മനുഷ്യൻ പാപത്തിന്റെ അടിമയായിരുന്നു. (റോമ. 6:6) ഈ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് (എഫേ. 4:22, കൊളോ 3:9) പുതിയ മനുഷ്യനെ ധരിക്കണം. യേശുവിന്റെ മരണത്തിലൂടെയാണ് പുതിയ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്" (എഫേ. 2:15) ഈ പുതിയ മനുഷ്യൻ സ്രഷ്ടാവിന്റെ പ്രതിഛായക്കനുസൃതമായി നവീകരിക്കപ്പെടുന്ന വ്യക്തിയാണ് (ഉൽപ. 1:26, എഫേ. 4:24. കൊളോ. 3:10) പുതിയ മനുഷ്യർ ഇനിയും ആരുടെയും അടിമയല്ല. ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യം വീണ്ടു കിട്ടിയവരാണ്. അവർക്ക് ദൈവം ആബാ-പിതാവാണ്. പൗലോസ് പഠിപ്പിക്കുന്നു. "നിങ്ങൾ മക്കളായതുകൊണ്ട് ആബാ പിതാവേ എന്നു വിളിക്കുന്ന തന്റെ പുത്രന്റെ

ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു." (ഗലാ. 4:6) ദൈവമക്കളെന്ന നിലയിൽ ദൈവത്തോടും സഹോദരങ്ങളോടും പ്രകൃതിയോടും നാം കടപ്പെട്ടിരിക്കുന്നു. ഈ ത്രിവിധ ബന്ധങ്ങളിൽ നാം നീതിപുലർത്തുന്നുണ്ടോ യെന്ന് നമ്മുടെ ജീവിതത്തെ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും കുറ വുകൾ പരിഹരിക്കുവാനും തീരുമാനമെടുക്കുന്നതിനുമുള്ള അവസരമാണ് തപ സ്സുകാലം. മനുഷ്യനെന്ന നിലയിൽ നമ്മുടെ നിസാരതയും ശൂന്യതയും ദൈവമ ക്കളെന്ന നിലയിൽ നമ്മുടെ മഹത്വവും നാം തിരിച്ചറിയണം.

## പെസഹാനുഭവത്തിലേക്കുള്ള തീർത്ഥാടനം

നമ്മുടെ കർത്താവിന്റെ പെസഹായിൽ ഭാഗഭാക്കാകുവാനുള്ള യഥാർത്ഥ ഒരു ക്കമാണ് നാം ചെയ്യേണ്ടത്. അതിനായി കർത്താവിന്റെ പീഡാസഹനങ്ങളെക്കു റിച്ച് ധ്യാനിക്കണം. തപസ്സനുഷ്ഠിക്കണം. കൂടെക്കൂടെയുള്ള കുമ്പസാരം, ദാന ധർമ്മങ്ങൾ തുടങ്ങിയ ഭക്തകൃത്യങ്ങളാണ് സഭ നമ്മോടു ആവശ്യപ്പെടുന്നത്. കർത്താവിന്റെ പീഡാസഹനങ്ങളിൽ ഭാഗഭാക്കാകുവാൻ നാം പരമ്പരാഗതമായി നടത്തുന്ന സ്ലീവാപ്പാതയ്ക്ക് മുഖ്യപരിഗണന നല്കണം. അതുപോലെ തന്നെ പുത്തൻപാന ആലപിക്കുന്നതിനും താല്പര്യമെടുക്കണം. ഭവനങ്ങളിൽ ദൈവവ ചനം സവിശേഷമായ രീതിയിൽ വായിക്കുന്നതിനും ധ്യാനിക്കുന്നതിനും അവസ രമൊരുക്കണം. "നോമ്പുകാല പ്രായശ്ചിത്ത പ്രവൃത്തികൾ ആന്തരികവും വ്യക്തി പരവും മാത്രമല്ല ബാഹ്യവും സാമൂഹികവും കൂടിയാണ്. പ്രായശ്ചിത്ത പ്രവൃത്തി കൾ ആധുനിക കാലത്തിനും വിഭിന്ന പ്രാദേശിക സാദ്ധ്യതകൾക്കും വിശ്വാസിക ളുടെ സാഹചര്യങ്ങൾക്കനുസരിച്ചും പ്രോത്സാഹിപ്പിക്കപ്പെടണം. കർത്താവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും വെള്ളിയാഴ്ച വിശുദ്ധ പെസഹാക്കാല ഉപവാസമായി എല്ലായിടത്തും ആചരിക്കണം. മാത്രമല്ല, സാഹചര്യങ്ങൾക്കനുസ രിച്ച് വലിയ ശനിയാഴ്ചയും അതു തുടരണം. അങ്ങനെ ഉന്നീതവും തുറവാർന്ന തുമായ ഹൃദയത്തോടെ കർത്താവിന്റെ ഉയിർപ്പിന്റെ സന്തോഷത്തിലേക്ക് ചെന്നെ ത്തണം." (SC . 110) നമ്മുടെ തപസനുഷ്ഠാനം ഒരു തീർത്ഥാടനമാണ്. നമ്മുടെ ലക്ഷ്യം കർത്താവിന്റെ ഉയിർപ്പ് തിരുനാളിൽ ഭാഗഭാക്കാവുക എന്നതാണ്. നാം വ്യക്തിപരമായും കുടുംബത്തോടും സമൂഹത്തോടും സഭയോടുമൊത്ത് തയ്യാറെ ടുപ്പു നടത്തുകയാണ്. വ്യക്തിപരമായ ഒരുക്കത്തിന്റെ ഭാഗമായി ലാളിത്യ ജീവിത ശൈലി സ്വീകരിക്കുന്നു. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ പാടെ ഉപേക്ഷിക്കുന്നു. ചെറുതും വലുതുമായ പാപപരിഹാര പ്രവർത്തികൾ ചെയ്യു ന്നു. വൃദ്ധരെയും രോഗികളെയും സന്ദർശിക്കുവാൻ സമയം കണ്ടെത്തുന്നു. ദരിദ്ര രെയും അശരണരെയും അഭയാർത്ഥികളെയും കരുതലോടെ സംരക്ഷിക്കുവാൻ സന്മനസ്സു കാട്ടുന്നു. അങ്ങനെ പാപത്തിനു മരിച്ച് കർത്താവിന്റെ ഉയിർപ്പിന്റെ ആനന്ദം ആസ്വദിക്കുവാനും നമുക്കു കഴിയണം.

## വിശപ്പിനും രോഗത്തിനുമെതിരെ അണിചേരാം.

ക്രിസ്ത്യാനികളായ നമ്മിൽ നിന്നു പ്രതീക്ഷിക്കുന്ന സൽഗുണങ്ങളാണ് വിശ്വാ സം. പ്രത്യാശ, സ്നേഹം. "എന്നാൽ, സ്നേഹമാണ് സർവോത്കൃഷ്ടം." (1 കൊറി. 13:13) മറ്റുള്ളവരോടുള്ള സ്നേഹം നാം പ്രകടിപ്പിക്കുന്നത് സ്നേഹ പ്രവർത്തിക ളിലൂടെയാണല്ലോ. ദരിദ്രരും രോഗികളുമാണ് നമ്മുടെ സ്നേഹം കൂടുതൽ ആഗ്ര ഹിക്കുന്നത്. ദാനധർമ്മങ്ങൾ ചെയ്യുക തപസ്സനുഷ്ഠാനത്തിന്റെ ഒഴിച്ചുകൂടാനാ

വാത്ത ഘടകമാണ്. ഭാരതത്തിലെ ദരിദ്രരെയും രോഗികളെയും സഹായിക്കുന്ന തിനുള്ള നിരവധി പദ്ധതികളാണ് കാരിത്താസ് ഇൻഡ്യാ ഓരോ വർഷവും നടപ്പി ലാക്കുന്നത്. നോമ്പുകാലത്തിലെ രണ്ടു ഞായറാഴ്ചകളിൽ പ്രത്യേക സ്തോത്ര കാഴ്ച എടുത്തു പ്രസ്തുത ലക്ഷ്യപ്രാപ്തിക്കായി കാരിത്താസ് ഇൻഡ്യയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്. നമ്മുടെ ഈ ഉത്തരവാദിത്വത്തിന്റെ ഗൗരവം ഇടവ കമക്കളെ ബോദ്ധ്യപ്പെടുത്തി കഴിയുന്നത്ര തുക സമാഹരിച്ച് കഴിയുന്നതും വേഗം വി.എസ്.എസ്.എസിൽ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വൈദിക ദിനവും തൈലാശീർവ്വാദ ദിവ്യബലിയും**

നമ്മെ നയിക്കുവാനും വിശുദ്ധീകരിക്കാനും വചനത്താലും ഉപദേശത്താലും ധന്യരാക്കുവാനും വൈദികർ നമുക്ക് ആവശ്യമാണ്. പൗരോഹിത്യ സ്ഥാപനദിന മായി സഭ ആഘോഷിക്കുന്നത് പെസഹാ വ്യാഴാഴ്ചയാണ്. അന്നേ ദിനം നാം സവിശേഷമായ രീതിയിൽ നമ്മുടെ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മുടെ മക്കളിലൊരാളെയെങ്കിലും സവിശേഷമായ ദൈവവിളി നല്കി അനുഗ്ര ഹിക്കണമേയെന്നു പ്രാർത്ഥിക്കുകയും ചെയ്യണം. അന്നത്തെ ദിവ്യബലിയിൽ പ്രത്യേക സ്ത്രോത്ര കാഴ്ചയെടുത്ത് നമ്മുടെ വൈദികരുടെ സംരക്ഷണത്തി നായി കൂരിയായിൽ ഏല്പിക്കുവാൻ വികാരി അച്ചന്മാർ താല്പര്യമെടുക്കുമല്ലോ.

നമ്മുടെ ഭദ്രാസന ദൈവാലയമായ വിമലഗിരി കത്തീഡ്രലിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ടതും അതിശ്രേഷ്ഠവുമായ ആരാധന കർമ്മമാണ് ഈ വർഷത്തിൽ നടത്തപ്പെടേണ്ട ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, തിരുപ്പട്ടം, രോഗീലേപനം തുടങ്ങിയവയ്ക്കാവശ്യമായ തൈലം ആശീർവ്വദിക്കപ്പെടുന്ന ദിവ്യബലി. അതുകൊണ്ടാണ് പ്രസ്തുത ബലിയിൽ എല്ലാ രൂപതാമക്കളുടെയും സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്ന് സഭ നിഷ്കർഷിക്കുന്നത്. സൗകര്യപ്രദമായി ഈ വർഷവും വിശുദ്ധവാരത്തിലെ ചൊവ്വാഴ്ചയും ബുധനാഴ്ചയുമാണ് (ഏപ്രിൽ 7-8) വൈദിക ദിനവും തൈലാശീർവ്വാദ ദിവ്യബലിയും നടത്തുന്നത്. വൈദികദിന പരിപാടികൾ ഏപ്രിൽ 7 വൈകിട്ട് 5 മണിക്കും, തൈലാശീർവ്വാദ ദിവ്യബലി ഏപ്രിൽ 8 രാവിലെ 7.30നും ആരംഭിക്കുന്നതാണ്. കോട്ടയത്തും പരിസരപ്രദേശത്തുമുള്ള ഇടവകക ളിലെ കഴിയുന്നത്ര രൂപതാമക്കളെയും അകലങ്ങളിലുള്ള എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും നിന്നും പ്രതിനിധികളെയും തൈലാശീർവ്വാദ ബലിയിൽ പങ്കെ ടുക്കുന്നതിനും നമ്മുടെ വൈദികർക്കായി പ്രാർത്ഥിക്കുന്നതിനും മുൻകരുതലുകൾ എടുക്കണമെന്ന് അച്ചന്മാരോടും സന്യസ്തരോടും അപേക്ഷിക്കുന്നു.

വിഭൂതി ബുധനാഴ്ച ശിരസ്സിൽ ചാരം പൂശിക്കൊണ്ടും തപസ്സുകാലത്തിലെ എല്ലാ ദിനങ്ങളിലും ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചുകൊണ്ടും ഉപവാ സവും മാംസവർജ്ജനവും, വിശിഷ്യ എല്ലാ വെള്ളിയാഴ്ചകളിലും നടത്തിക്കൊണ്ടും നമുക്ക് കർത്താവിന്റെ പെസഹാ മഹോത്സവത്തിനായി ഒരുങ്ങാം.

വിശുദ്ധമായ നോമ്പുകാലത്തിന്റെ പുണ്യങ്ങൾ ആശംസിച്ചുകൊണ്ട് നിങ്ങളേ വരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചുകൊള്ളുന്നു.

---

കോട്ടയം
1-02-2020

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

# 2020–ലെ നോമ്പുകാല സന്ദേശം
# ഫ്രാൻസിസ് പാപ്പാ

*"ഞങ്ങൾ ക്രിസ്തുവിനെ പ്രതി*
*നിങ്ങളോട് അഭ്യർത്ഥിക്കുന്നു:*
*നിങ്ങൾ ദൈവത്തോടു രമ്യപ്പെടുവിൻ"*
*(2 കോറി 5:20)*

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ മൂലക്കല്ലാണ് ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹത്തായ രഹസ്യം. ആ രഹസ്യത്തെ പുതുക്കപ്പെട്ട ഹൃദയത്തോടെ ആചരിക്കാൻ നാം തയ്യാറാകണം. അതിന് ഈ വർഷം കർത്താവ് വീണ്ടും തക്കസമയം നല്കുന്നു. നമ്മൾ ആ രഹസ്യത്തിലേക്ക് മനസ്സുകൊണ്ടും ഹൃദയംകൊണ്ടും എപ്പോഴും തിരിച്ചുപോകണം. എന്തെന്നാൽ, അതിന്റെ ആധ്യാത്മികശക്തിയോട് നാം കാണിക്കുന്നതനുസരിച്ച് അത് നമ്മിലുള്ള വളർച്ച തുടർന്നുകൊണ്ടിരിക്കും. സ്വാതന്ത്ര്യത്തോടും ഔദാര്യത്തോടും കൂടെ പ്രത്യുത്തരിക്കുകയും ചെയ്യും.

**1. പെസഹാരഹസ്യം: മാനസാന്തരത്തിന്റെ അടിസ്ഥാനം**

യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സദ്വാർത്ത കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ക്രൈസ്തവസന്തോഷം ഒഴുകുന്നത്. ഈ കെരിഗ്മ സ്നേഹത്തിന്റെ രഹസ്യത്തെ സമാഹരിക്കുന്നു. അത് "യഥാർത്ഥവും സത്യസന്ധവും വസ്തുനിഷ്ഠവുമാണ്. അതുകൊണ്ട് തുറവിയുടെ ബന്ധത്തിലേക്കും ഫലപ്രദമായ സംവാദത്തിലേക്കും അതു നമ്മെ ക്ഷണിക്കുന്നു" (ക്രിസ്തു ജീവിക്കുന്നു 117). നമ്മുടെ ജീവിതം നമ്മുടേതാണെന്നും നമ്മുടെ ഇഷ്ടംപോലെ അതിനെ ഉപയോഗിക്കാമെന്നുമുള്ള നുണ ഈ സന്ദേശത്തിൽ വിശ്വസിക്കുന്ന ആരും തള്ളിക്കളയുന്നു. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ജീവൻ ഉണ്ടായത്. നമുക്ക് ജീവൻ സമൃദ്ധമായി നല്കാനുള്ള ആഗ്രഹത്തിൽ നിന്നു തന്നെ (cf യോഹ 10:10)."നുണകളുടെ പിതാവിന്റെ" (യോഹ 8:44) പ്രലോഭിപ്പിക്കുന്ന ശബ്ദം നാം ശ്രവിച്ചാൽ യുക്തിയില്ലായ്മയുടെ അഗാധതയിലേക്ക് മുങ്ങിത്താഴുകയും ഈ ഭൂമിയിൽത്തന്നെ നരകം അനുഭവിക്കുകയും ചെയ്യുകയെന്ന സാധ്യതയുണ്ടാകും. വ്യക്തിപരവും സാമൂഹികവുമായ മാനുഷികാനുഭവത്തിലെ ദുരന്തപരമായ അനേകം സംഭവങ്ങൾ അതിന് ഖേദകരമായി സാക്ഷ്യം വഹിക്കുന്നു.

രണ്ടായിരത്തി ഇരുപതിലെ ഈ നോമ്പുകാലത്ത്, ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലികാഹ്വാനത്തിൽ യുവജനങ്ങൾക്കായി ഞാൻ എഴുതിയത് ഓരോ ക്രൈസ്തവനോടും കൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു: "ക്രൂശിതനായ ക്രിസ്തുവിന്റെ വിരിക്കപ്പെട്ട കൈകളിൽ നിങ്ങളുടെ കണ്ണുകൾ ഉറപ്പിച്ചുപിടിക്കുക. നിങ്ങൾ വീണ്ടും വീണ്ടും രക്ഷിക്കപ്പെടട്ടെ. നിങ്ങൾ പാപങ്ങൾ

ഏറ്റു പറയാൻ പോകുമ്പോൾ നിങ്ങളെ കുറ്റത്തിൽ നിന്നു സ്വതന്ത്രമാക്കുന്ന അവിടത്തെ കാരുണ്യത്തിൽ ഉറച്ചു വിശ്വസിക്കുക. വലിയ സ്നേഹത്തോടെ ചൊരിയപ്പെട്ട അവിടത്തെ രക്തത്തെപ്പറ്റി ധ്യാനിക്കുക. നിങ്ങൾ അതുവഴി ശുദ്ധീകരിക്കപ്പെടാൻ അനുവദിക്കുക. ഇങ്ങനെ നിങ്ങൾക്കു എന്നേക്കും പുതുതായി ജനിക്കാൻ കഴിയും" (നമ്പർ 123). യേശുവിന്റെ പെസഹാ ഒരു കഴിഞ്ഞകാല സംഭവമല്ല. പിന്നെയോ, സഹിക്കുന്നവരിൽ ക്രിസ്തുവിന്റെ ശരീരത്തെ വിശ്വാസത്തോടെ കാണാനും തൊടാനും നമ്മെ സഹായിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി വഴി അത് എന്നും സന്നിഹിതമാണ്.

**2. മാനസാന്തരത്തിന്റെ അടിയന്തിരാവശ്യം**

പെസഹാ രഹസ്യത്തെ കൂടുതൽ ആഴത്തിൽ ധ്യാനിക്കുക നല്ലതാണ്. ആ രഹസ്യത്തിലൂടെയാണ് ദൈവത്തിന്റെ കരുണ നമ്മുടെമേൽ ചൊരിയപ്പെട്ടത്. യഥാർത്ഥത്തിൽ "എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം നല്കുകയും ചെയ്ത" (ഗലാ 2:20) ക്രൂശിതനും ഉത്ഥിതനുമായ കർത്താവുമായി "മുഖത്തോടുമുഖം" പുലർത്തുന്ന ബന്ധത്തിൽ - സുഹൃത്തുക്കൾ തമ്മിലുള്ള ഹൃദയപൂർവകമായ സംവാദത്തിൽ - മാത്രമേ കാരുണ്യത്തിന്റെ അനുഭവം സാധ്യമാകുകയുള്ളൂ. അതുകൊണ്ടാണ് നോമ്പുകാലത്ത് പ്രാർത്ഥന ഏറെ പ്രാധാന്യമുള്ളതായിരിക്കുന്നത്. പ്രാർത്ഥന ഒരു കടമയെന്നതിനെക്കാൾ കൂടുതലായി ദൈവത്തിന്റെ സ്നേഹത്തോട് പ്രത്യുത്തരിക്കാനുള്ള നമ്മുടെ ആവശ്യത്തിന്റെ പ്രകാശനമാണ്. ആ സ്നേഹം എപ്പോഴും നമുക്കു മുമ്പേ പോകുന്നതും നമ്മെ നിലനിറുത്തുന്നതുമാണ്. നമ്മൾ അയോഗ്യരാണെങ്കിലും നമ്മൾ സ്നേഹിക്കപ്പെടുന്നു എന്ന് അറിഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയ്ക്ക് വിവിധങ്ങളായ എത്രമാത്രം രൂപങ്ങളുമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രാധാന്യമർഹിക്കുന്നത് ഇതാണ്: അത് നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലേക്ക് തുളച്ചുകയറുന്നു. എന്നേക്കും കൂടുതൽ പൂർണതയോടെ ദൈവത്തിലേക്കും അവിടത്തെ ഇഷ്ടത്തിലേക്കും തിരിയാൻവേണ്ടി നമ്മുടെ ഹൃദയകാഠിന്യത്തെ ചീകിക്കളയുന്നു.

അതുകൊണ്ട് മരുഭൂമിയിലേക്കു ഇസ്രായേൽ നയിക്കപ്പെട്ടതുപോലെ (cf ഹോസി 2:14) നയിക്കപ്പെടാൻ അനുകൂലമായ ഈ കാലഘട്ടത്തിൽ നമുക്കു നമ്മെത്തന്നെ അനുവദിക്കാം. നമ്മുടെ ദിവ്യമണവാളന്റെ ശബ്ദം കേൾക്കുകയെങ്കിലും ചെയ്യാനും നമ്മിൽ കൂടുതൽ ആഴത്തിൽ അത് പ്രതിധ്വനിക്കാനും അനുവദിക്കാം. നാം എത്ര പൂർണമായി ഈ വചനത്തിൽ നിലനില്ക്കുമോ അത്ര കൂടുതലായി അവിടന്നു നമുക്കു ദാനമായി നല്കുന്ന കാരുണ്യം നാം അനുഭവിക്കും. അവിടത്തെ അടുക്കലേക്കുള്ള നമ്മുടെ തിരിച്ചുപോക്കിന്റെ കാലങ്ങളും മാർഗങ്ങളും നമുക്കു നിയന്ത്രിക്കാൻ കഴിയുമെന്ന വിഡ്ഢിത്തപരമായ മിഥ്യാബോധം വഴി കൃപാവരത്തിന്റെ ഈ സമയം വെറുതേ കടന്നുപോകാൻ അനുവദിക്കാതിരിക്കാം.

**3. തന്റെ മക്കളോടു സംവദിക്കാനുള്ള ദൈവത്തിന്റെ തീവ്രമായ ആഗ്രഹം**

ദൈവം നമുക്കു മാനസാന്തരത്തിനുള്ള സമുചിതമായ ഒരു സമയം വീണ്ടും തരുന്നു. അതു തനിയേ സംഭവിച്ചുകൊള്ളുമെന്നു കരുതരുത്. ഈ പുതിയ അവസരം കൃതജ്ഞതയുടെ ബോധം നമ്മിൽ ഉണർത്തണം; നമ്മുടെ അല

സതയിൽ നിന്നു നമ്മെ ഇളക്കിവിടണം. നമ്മുടെയും സഭയുടെയും ലോകത്തിന്റെയും ജീവിതത്തിൽ ചിലപ്പോൾ തിന്മയുടെ ദുരന്തപരമായ സാന്നിധ്യം ഉണ്ടാകും. എന്നാലും നമ്മുടെ ജീവിതഗതി മാറ്റാനുള്ളതാണ് ഈ സന്ദർഭം. അത് നമ്മളുമായുള്ള അവിടത്തെ രക്ഷയുടെ സംവാദം തടയാതിരിക്കാനുള്ള അചഞ്ചലമായ ദൈവേഷ്ടത്തെ അത് പ്രകാശിപ്പിക്കുന്നു. പാപം അറിയാത്തവനും എന്നാൽ നമുക്കുവേണ്ടി പാപമാക്കപ്പെട്ടവനുമായ (cf. 2 കോറി 5:21) ക്രൂശിതനുമായ യേശുവിൽ തന്റെ പുത്രനിൽ നമ്മുടെ പാപങ്ങളുടെ ഭാരം ചുമത്താൻ രക്ഷാകരമായ ഈ ഇഷ്ടം പിതാവിനെ പ്രേരിപ്പിച്ചു. അങ്ങനെ, ബനഡിക്ട് 16-ാമന്റെ വാക്കുകളിൽ പറഞ്ഞാൽ, "ദൈവം തനിക്കെതിരായി തന്നെത്തന്നെ തിരിച്ചു" (ദൈവം സ്നേഹമാകുന്നു 12). കാരണം ദൈവം തന്റെ ശത്രുക്കളെ സ്നേഹിക്കുന്നു (cf.മത്താ 5:43-48).

ദൈവം തന്റെ പുത്രന്റെ പെസഹാരഹസ്യം വഴി നമ്മിൽ ഓരോരുത്തരുമായി നടത്താൻ ഉദ്ദേശിക്കുന്ന സംവാദത്തിന് പൊള്ളയായ സംസാരവുമായി യാതൊരു ബന്ധവുമില്ല. അത്തരം സംസാരം ആഥൻസിലെ ജനതയ്ക്ക് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവർ "പുതുതായി എന്തെങ്കിലും പറയാനും കേൾക്കാനുമായിട്ടല്ലാതെ മറ്റൊന്നിനും വേണ്ടി സമയം ചെലവഴിച്ചില്ല" (അപ്പ.17:21). ശൂന്യവും ഉപരിപ്ളവവുമായ ജിജ്ഞാസയാൽ നിശ്ചയിക്കപ്പെടുന്ന അത്തരം സംഭാഷണം ഒരോ യുഗത്തിന്റെയും ലൗകായതികത്വത്തിന്റെ സ്വഭാവമാണ്. നമ്മുടെ കാലത്തും മാധ്യമങ്ങളുടെ ദുരുപയോഗത്തിന് അതു കാരണമാകും.

**4. സമ്പന്നത പങ്കുവയ്ക്കാനുള്ളതാണ്, സ്വന്തമായി സൂക്ഷിക്കാനുള്ളതല്ല**

പെസഹാരഹസ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുകയെന്നതിന്റെ അർത്ഥം ഇതാണ്: യുദ്ധങ്ങളുടെ നിരപരാധികളായ അനേകം ഇരകളിലും ജീവന്റെ മേലുള്ള ആക്രമണങ്ങളിലും സന്നിഹിതമായിരിക്കുന്ന ക്രൂശിതനായ ക്രിസ്തുവിന്റെ മുറിവുകളെക്കുറിച്ച് സഹതാപം തോന്നുക. ജനിക്കാനിരിക്കുന്നവർ മുതൽ വാർദ്ധക്യത്തിലെത്തിയ വ്യക്തികൾക്കെതിരേ വരെ അത്തരം ആക്രമണങ്ങളുണ്ട്. അക്രമത്തിന്റെ വിവിധരൂപങ്ങളുമുണ്ട്. പരിസ്ഥിതിപരമായ അപകടങ്ങളിലും ഭൂമിയുടെ വസ്തുക്കളുടെ തുല്യമല്ലാത്തരീതിയിലുള്ള വിതരണത്തിലും എല്ലാ രൂപങ്ങളിലുമുള്ള മനുഷ്യക്കടത്തുകളിലും വിഗ്രഹാരാധനയുടെ ഒരു രൂപമായിരിക്കുന്ന ലാഭത്തിനുവേണ്ടിയുള്ള അനിയന്ത്രിതമായ ദാഹത്തിലും അവയുണ്ട്.

സന്മനസ്സുള്ള സ്ത്രീപുരുഷന്മാരോട്, ഏറ്റവും ആവശ്യത്തിൽപ്പെട്ടവർക്ക് തങ്ങളുടെ വസ്തുക്കൾ ദാനധർമ്മം വഴി പങ്കുവയ്ക്കാൻ അഭ്യർത്ഥിക്കുകയെന്നത് ഇന്നും ഒരാവശ്യമാണ്. കൂടുതൽ നല്ല ലോകത്തെ പടുത്തുയർത്തുന്നതിന് വ്യക്തിപരമായി പങ്കുചേരാനുള്ള മാർഗ്ഗമാണത്. പരസ്നേഹപരമായ ദാനം നമ്മെ കൂടുതൽ മനുഷ്യത്വമുള്ളവരാക്കുന്നു. അതേ സമയം അപകടസാധ്യതകളെ വർദ്ധിപ്പിക്കുന്നത് നമ്മെ മനുഷ്യത്വമുള്ളവരാക്കുന്നു. നമ്മുടെ സ്വാർത്ഥതയിൽ നാം തടങ്കലിലാക്കപ്പെടുന്നു. നമുക്ക് മുമ്പോട്ടുപോകാൻ കഴിയും, മുമ്പോട്ടു പോകുകയും വേണം. നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ ഘടനപരമായ വശങ്ങൾ പരിഗണിക്കുകയും വേണം. ഇക്കാരണത്താൽ നോമ്പു

കാലത്തിന്റെ മധ്യത്തിൽ മാർച്ച് 26 മുതൽ 28 വരെ അസീസിയിൽ ഒരു സമ്മേളനം നടത്താൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യുവ ധനതത്ത്വശാസ്ത്രജ്ഞർ, സംരംഭകർ, മാറ്റം കൊണ്ടുവരുന്നവർ എന്നിവരുടെ സമ്മേളനമാണത്. കൂടുതൽ നീതിപൂർവ്വകവും എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതുമായ സാമ്പത്തിക വ്യവസ്ഥ രൂപപ്പെടുത്തുകയെന്നതാണ് അതിന്റെ ലക്ഷ്യം. സഭയുടെ പ്രബോധനാധികാരം പലപ്പോഴും ആവർത്തിച്ചിട്ടുള്ളതുപോലെ രാഷ്ട്രീയജീവിതം പരസ്നേഹത്തിന്റെ ശ്രേഷ്ഠമായ രൂപമാണ് (cf. Pius XI, Adress to Italian Federation of Cathoic University Students ,18 December 1927). സാമ്പത്തിക ജീവിതത്തെ സംബന്ധിച്ചും ഇതു ശരിയാണ്. സുവിശേഷാത്മക ചൈതന്യത്തിൽ, സൗഭാഗ്യങ്ങളുടെ ചൈതന്യത്തിൽ അതിനെ സമീപിക്കാൻ കഴിയും.

നമ്മുടെ നോമ്പാചരണം ദൈവത്തോടു രമ്യപ്പെടാനുള്ള വിളി കേൾക്കാനും നമ്മുടെ നോട്ടം പെസഹാരഹസ്യത്തിൽ ഉറപ്പിക്കാനും അവിടുത്തോട് തുറവിയുള്ളതും ആത്മാർത്ഥതയുള്ളതുമായ സംവാദം നടത്താനും വേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ കന്യകമറിയത്തോട് ഞൻ അപേക്ഷിക്കുന്നു. ഇങ്ങനെ തന്റെ ശിഷ്യർ എപ്രകാരമുള്ളവരായിരിക്കണമെന്ന് ക്രിസ്തു ആവശ്യപ്പെടുന്നുവോ അപ്രകാരമായിരിക്കും നമ്മൾ - അതായത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കും (cf.മത്താ 5:13-14).

**ഫ്രാൻസിസ് പാപ്പാ**
റോമ, സെന്റ് ജോൺ ലാറ്ററനിൽ 7 ഒക്ടോബർ 2019
ജപമാല മാതാവിന്റെ തിരുനാൾ ദിവസം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---






## ജന്മദിനാശംസകൾ

01 ഫാ. മാത്യു സുഭാഷ് വ്യാക്കഴ
02 ഫാ. ലീനൂസ് ബിവേര ചുള്ളിക്കാപറമ്പിൽ
04 ഫാ. ജോസഫ് കുറ്റിക്കാട്ടിൽ
05 ഫാ. ജോസ് കൈതക്കുഴി
10 ഫാ. സേവ്യർ ചെറുനെല്ലാടിയിൽ
11 ഫാ. ജോൺ കുന്നത്തുകുഴി
12 ഫാ. ജോസഫ് ചെറുകാക്രാംചേരിൽ
12 മോൺ. ജോസ് നവസ്
22 ഫാ. ആന്റണി പാട്ടപ്പറമ്പിൽ
25. ഫാ. അലക്സാണ്ടർ കുമ്പളത്തുപറമ്പിൽ

**മാർച്ച്**

# മദ്യവിരുദ്ധ ഞായർ, 2020 മാർച്ച് 8

**മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി**
**കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് നടക്കുവാനുള്ള ആഹ്വാനമാണ് വലിയ നോമ്പിലെ ഈ ദിനാചരണം നമുക്കു നൽകുന്നത്. വളരെ ഗുരുതര സ്വഭാവമുള്ള ഈ വിഷയം നോമ്പുകാലത്ത് നമ്മുടെ ചർച്ചക്കും പരിചിന്തനത്തിനും വിഷയീഭവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ലഹരി ഉപയോഗത്തിലും വിപണനത്തിലും കേരളം രണ്ടാം സ്ഥാനത്ത് എത്തിനില്ക്കുന്നു. ഈ അടുത്ത കാലത്ത് ബഹു. കേരളാ ഹൈക്കോടതി നടത്തിയ നിരീക്ഷണം നമ്മുടെ സത്വരശ്രദ്ധയാകർഷിക്കുന്നു: 'തലമുറയെയും ജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയായി മദ്യലഹരി മാറിയിരിക്കുന്നു. സാമ്പത്തിക സുസ്ഥിരതയെയും സംവിധാനങ്ങളെയും അതു നശിപ്പിക്കുന്നു.' കോടതി നടത്തിയ ഈ പരാമർശം അതീവ ഗൗരവത്തോടെ നാം വിലയിരുത്തേണ്ട ഒരു സമയമാണിത്.

സാമൂഹ്യ പ്രശ്നങ്ങൾ രണ്ടു തരമുണ്ട്. ആദ്യത്തേത് പ്രകൃത്യാ അഥവാ സ്വഭാവികമായി സംഭവിക്കുന്നതാണ്. പ്രകൃതിയിൽ നിന്നുതന്നെ അത് ഉത്ഭവിക്കുന്നതിനാൽ അവയെ സ്വാഭാവികമായി നിയന്ത്രിക്കുക സാധ്യമല്ല. കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക മാത്രമാണ് മനുഷ്യനു ചെയ്യാൻ സാധിക്കുക. എന്നാൽ, രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവ മനുഷ്യനിർമ്മിത സാമൂഹ്യ പ്രശ്നങ്ങളാണ്. മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ പ്രശ്നമാണ്. അതിനാൽ, മനുഷ്യൻ മനസ്സുവച്ചാൽ ഇല്ലാതാക്കുവാൻ കഴിയുന്നതാണിത്. ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ഈ സാമൂഹിക പ്രശ്നത്തിനെതിരേ ജാഗരൂകതയോടെ പ്രവർത്തിക്കേണ്ടത് തീർത്തും അനിവാര്യംതന്നെ.

മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസികവുമായും രോഗഗ്രസ്തനാക്കുന്നു. കുടുംബത്തിൽ ഒരാൾ ലഹരിക്കടിമപ്പെട്ട് രോഗിയായിത്തീർന്നാൽ അതിന്റെ ദൂഷ്യഫലങ്ങൾ കുടുംബം മുഴുവനും അനുഭവിക്കേണ്ടി വരുന്നു. ഇന്ന് മദ്യപാനംമൂലം അനേകം കുടുംബങ്ങൾ തകർച്ചയിലും ദുരിതത്തിലും കഴിയുന്നു. തലമുറയുടെ വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് ലഹരിയുടെ പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളടങ്ങുന്ന യുവാക്കളിൽ വളരെയധികം പേർ ലഹരി വസ്തുക്കൾക്ക് അടിമകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും നടക്കുന്നുവെന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നു. ഒരു വശത്ത് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും

ഉപയോഗിക്കാനുള്ള ഒത്താശ ചെയ്തുകൊടുക്കുകയും മറുവശത്ത് മദ്യത്തിനെതിരേ ബോധവത്കരണം നടത്തുകയും ചെയ്യുന്നത് തീർത്തും വൈരുദ്ധ്യം തന്നെ. താഴെ പറയുന്ന ഏതാനും ഉദാഹരണങ്ങളിൽ നിന്നും ഇത് വ്യക്തമാകും:

ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ 10 ശതമാനം വീതം വർഷംതോറും പൂട്ടിക്കൊണ്ടിരുന്നത് ഈ സർക്കാർ നിർത്തലാക്കി. തങ്ങളുടെ പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നല്കുന്ന പഞ്ചായത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 443 വകുപ്പുകൾ റദ്ദു ചെയ്തു. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ഈ ജനാധികാരവും അവകാശവും സർക്കാർ എടുത്തുകളഞ്ഞത്. തുടർന്ന് വിദേശമദ്യ ചട്ടമനുസരിച്ച് ബിയർ, വൈൻ തുടങ്ങിയ പാർലറുകൾ കൂടുതൽ തുറക്കാൻ തീരുമാനിച്ചു. അടച്ചു പൂട്ടിയ ബാറുകളെല്ലാം ഈ സർക്കാർ തുറന്നു കൊടുത്തു. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകൾക്ക് ഒപ്പം ആഭ്യന്തര ലോഞ്ചുകളിലും വിദേശമദ്യം ലഭ്യമാക്കി. ദൂരപരിധി നിയമം 200 എന്നത് 50 മീറ്ററാക്കി കുറച്ചു. വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം ബാറു തുറക്കാമെന്ന സ്ഥിതിവിശേഷവും ഒരു ദുരന്തംപോലെ കടന്നു വന്നു. ഇവയൊക്കെ സർക്കാരിന്റെ മദ്യനയത്തിന്റെ ഇരട്ടത്താപ്പു നയമല്ലേ തുറന്നു കാട്ടുന്നത്? പൗരന്റെയോ പൗരസമൂഹത്തിന്റെയോ ആരോഗ്യത്തിൽ തരിമ്പും ശ്രദ്ധയില്ലാത്ത ഒരു ഭരണകൂടത്തിനു മാത്രമേ ഇത്രയ്ക്ക് നിരുത്തരവാദപരമായ നയം സ്വീകരിക്കാനാകൂ.

ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതുപോലെ, "മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്". രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ഉള്ളൂവെങ്കിലും മദ്യവില്പനയുടെ 16 ശതമാനം ഇവിടെയാണ് നടക്കുന്നത്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. മുൻപ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ വീതം മദ്യപിക്കുന്നു. ജനസംഖ്യയിൽ 5 ശതമാനം പൂർണ്ണമായും മദ്യത്തിന് അടിമകളായി മാറി. 1980-ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നെങ്കിൽ ഇപ്പോൾ 11-12 വയസ്സിലെത്തി നിൽക്കുന്നുവെന്നുള്ളതാണ് ഭയപ്പെടുത്തുന്ന സത്യം. കേരള ജനസംഖ്യയിൽ 17% മുതൽ 20% വരെ പേർ മദ്യപരാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസിന്റെ കണക്കുകൾ പ്രകാരം 20 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. മദ്യപാനംമൂലം കേരളത്തിൽ 8 ലക്ഷം പേർ കരൾ രോഗികളായി മാറിക്കഴിഞ്ഞു. ഹൃദ്രോഗികളുടെ എണ്ണം 50 ശതമാനം വർദ്ധിച്ചു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലികതത്ത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിനു തക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. മദ്യത്തിന്റെ ഉപയോഗ

ത്തിൽ മുൻനിരയിൽ നിൽക്കുന്ന കേരളത്തിൽ മദ്യവില്പന നിയന്ത്രണ - നിരോധന നടപടികളാണാവശ്യം. മനുഷ്യനന്മയാണ് സർക്കാർ ലക്ഷ്യം വയ്ക്കേണ്ടത്. കേരളത്തിന്റെ മദ്യപാനഗ്രാഫ് ഉയരുമ്പോളുണ്ടാകുന്ന കുടുംബ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠിക്കണം. മദ്യ വിപത്തിനെ നേരിടാൻ പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കണം. ജനങ്ങൾ മദ്യം വർജിച്ചാൽ മതി; ഫലപ്രദമായ മദ്യനിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നിലപാടാണ്. ജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം മദ്യം ലഭ്യമാക്കുകയെന്നത് മദ്യരാജാക്കന്മാരുടെ മനുഷ്യത്വരഹിതവും സ്വാർത്ഥപരവുമായ താല്പര്യമാണ്. ഉത്തരവാദിത്വമുള്ള ഒരു സർക്കാർ ഒരിക്കലും ഇത് മാനദണ്ഡമാക്കാൻ പാടില്ല. മദ്യവില്പനകൊണ്ടു കേരളത്തിന് എന്ത് നേട്ടമുണ്ടായി എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനം നടത്തുമ്പോൾ ആയിരങ്ങൾ മദ്യം കുടിച്ച് നശിക്കുന്നുണ്ട്. സർക്കാരിന് മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തികയുകയില്ല. കേരളസമൂഹത്തെ മദ്യക്കെടുതിയിൽ നിന്നും മോചിപ്പിക്കുന്നതിനു പകരം മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്കങ്ങൾക്ക് ചരിത്രം മാപ്പു നല്കില്ല.

ഈ സർക്കാർ, പൂട്ടിയ ബാറുകൾ തുറക്കുവാനും വീര്യം കുറഞ്ഞ മദ്യം പഴവർഗ്ഗങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുവാനും പബ്ബുകൾ ആരംഭിക്കുവാനും എല്ലാമാസത്തിന്റെയും ആദ്യദിനം മദ്യവില്പനയില്ലാതെയുള്ള ഡ്രൈഡേ മാറ്റുവാനും രാത്രിയിൽ ഏറെ വൈകിയും ജോലി ചെയ്യുന്നവർക്ക് ഉല്ലസിക്കാൻ ക്ലബ്ബുകൾ തുടങ്ങുവാനും പദ്ധതികളിടുന്നു. സർക്കാരിന്റെ ഇപ്പോഴുള്ള മദ്യനയം നിശ്ചയമായും തിരുത്തണം. അതിനുള്ള ശക്തമായ നീക്കങ്ങൾ പൗരസമൂഹങ്ങൾ നടത്തുകയും വേണം. ലഹരിയെന്ന സാമൂഹ്യതിന്മയ്ക്കെതിരേ പ്രവർത്തിക്കാനുള്ള കടമ എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. ദൈവരാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗംകൂടിയാണ് മദ്യ-ലഹരി വിരുദ്ധപ്രവർത്തനങ്ങൾ. ആയതിനാൽ, ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരിക്കുന്ന മദ്യ ലഭ്യത കുറയ്ക്കുക, ബോധവൽക്കരണം നടത്തുക, ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുക എന്നീ കാര്യങ്ങൾ ഒരേസമയം നടപ്പിലാക്കിയാൽ മാത്രമേ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുകയുള്ളൂ. “മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല” (ഗലാ 5:21) എന്ന വേദവാക്യം പ്രത്യേകം ഓർമ്മിക്കുന്നത് നല്ലതാണ്.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായി ചുമതലയേറ്റിരിക്കുന്ന റവ.ഫാ. ജോൺ അരീക്കലിന് എല്ലാവിധ മംഗളങ്ങളും നേരുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഇടവകകൾതോറും യൂണിറ്റുകൾ രൂപീകരിക്കണം കുടുംബങ്ങളിൽ മാമോദീസ, വിവാഹം തുടങ്ങിയ ആഘോഷങ്ങളിലും മദ്യത്തിന്റെ ഉപയോഗം ഇല്ലായെന്ന് ഉറപ്പുവരുത്താൻ നമുക്കു സാധിക്കണം. സ്കൂളുകളും ഇതര കലാലയങ്ങളും ലഹരി വിമുക്ത കാമ്പസുകളാകണം. അയൽക്കൂട്ടങ്ങൾപോലെ മദ്യവിരുദ്ധ ബോധവത്ക്കരണ സമിതികൾ നമ്മുടെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും രൂപപ്പെടണം. മദ്യവിരുദ്ധ സഭയും സമൂഹവുമെന്ന ലക്ഷ്യം

നേടുവാനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. മാർച്ച് 8-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

കേരളകത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682025

*N.B. 2020 മാർച്ച് മാസം 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയ ങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധഞായർ ഏറ്റവും അർത്ഥവ ത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.*

---

## പരേതരെ സ്മരിക്കാം – മാർച്ച്

| | | |
|---|---|---|
| 01 | (2008) | ഫാ. തോമസ് വിരുത്തിയിൽ |
| 05 | (1987) | ഫാ. തോമസ് ചാലുങ്കൽ |
| 10 | (1983) | ഫാ. വില്യം ഒ.സി.ഡി. |
| 12 | (1951) | ഫാ. ഡൊസിത്തേവൂസ് ഒ.സി.ഡി. |
| 14 | (1995) | ഫാ. സക്കറിയാസ് കാഞ്ഞിക്കൽ |
| 19 | (1991) | ഫാ. ഫ്രാൻസിസ് എക്സ്. ഡി. അരുജ |
| 22 | (1996) | ഫാ. ജോർജ് പരിയാരം |
| 25 | (1969) | ഫാ. മാത്യു നാരംവേലി |
| 26 | (1958) | ബിഷപ് ബൊനവന്തുര അരാന ഒ.സി.ഡി |
| 27 | (2007) | ഫാ. മൈക്കിൾ കളത്തിൽ ഒ.സി.ഡി. |
| 30 | (1986) | ഫാ. ബൊനവഞ്ചർ ഒ.സി.ഡി |

# വിജയപുരം പാസ്റ്ററൽ കൗൺസിൽ യോഗം



വിമലഗിരി പാസ്റ്ററൽ സെന്ററിൽ വിജയപുരം രൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനം ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ഉദ്ഘാടനം ചെയ്യുന്നു. വികാരിജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, റവ.മദർ സീയെന്ന, മേരി മാത്യു, ഹെൻറി ജോൺ തുടങ്ങിയവർ സമീപം

**പൗ**രത്വഭേദഗതി നിയമവും നിർദ്ദിഷ്ട ഗർഭഛിദ്രനിയമ ഭേദഗതിയും ദളിത് ക്രൈസ്തവരുടെ അവകാശ നിഷേധവും ഭരണഘടന വിഭാവനം ചെയ്യുന്ന നീതിക്കു നിരക്കാത്തതാണെന്ന് വിജയപുരം ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പ്രസ്താവിച്ചു. വിജയപുരം രൂപതയുടെ പത്താമത് പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമതു സമ്മേളനം കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷ നായിരുന്നു. പൂർവ്വീകർ പകർന്നു നൽകിയ സ്വത്വബോധം സ്വന്തമെന്നു കരുതി നിരന്തര പരിശ്രമത്തിലൂടെ വർദ്ധിപ്പിക്കുവാൻ ഏവർക്കും കടമയു ണ്ടെന്നും ബിഷപ്പ് തെക്കെത്തേച്ചേരിൽ പറഞ്ഞു.

കേരളാ റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ അംഗീകരിച്ച രാഷ്ട്രീയകാര്യ പ്രമേയം സമ്മേളനം വിശദമായി ചർച്ച ചെയ്തു. ആസ ന്നമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ കെ.ആർ.എൽ.സി.സി.യുടെ മൂല്യാധിഷ്ഠിത-പ്രശ്നാധിഷ്ഠിത സമദൂര സമീപനം സ്വീകരിക്കുവാൻ പാസ്റ്ററൽ കൗൺസിൽ യോഗം തീരുമാനി ച്ചു. അദ്ധ്യാപക നിയമനം നിയന്ത്രിക്കുവാനുള്ള കെ.ഇ.ആർ. ഭേദഗതി വസ്തുതാവിരുദ്ധമായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് നിർദ്ദേ ശിക്കപ്പെട്ടിരിക്കുന്നതെന്നും അതിനാൽ ആ നീക്കത്തിൽ നിന്നു പിന്തിരി യണമെന്നും യോഗം കേരള സർക്കാരിനോട് ആവശ്യപ്പെട്ടു.

2030-ൽ രൂപതയുടെ ശതാബ്ദി ആഘോഷിക്കുന്നതിനോടനുബന്ധി ച്ചുള്ള ദശവത്സര വികസന പദ്ധതിയുടെ രൂപരേഖ ഫാ. ജോസഫ് കുറ്റി ക്കാട്ടിൽ അവതരിപ്പിച്ചത് യോഗം ചർച്ച ചെയ്തു. അസംഘടിത തൊഴി ലാളികൾക്കുള്ള വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് കേരളാ ലേബർ മൂവ്മെന്റ് രൂപതാ പ്രസിഡന്റ് കെ.ജെ. ജോസഫ് സംസാരിച്ചു.

ഫാ. സ്റ്റീഫൻ  പുത്തൻപറമ്പിൽ വിദ്യാഭ്യാസ വികസനത്തെക്കുറിച്ച് സംസാരിച്ചു. 2020-21 ലെ രൂപതാ ബഡ്ജറ്റ് ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ ഫാ. ജോസഫ് ചെറുകാക്രാഞ്ചേരിൽ അവതരിപ്പിച്ചു. ജോയിന്റ് സെക്രട്ടറി മേരി മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ സ്വാഗതമാശംസിക്കുകയും രൂപത പി.ആർ.ഒ. ഹെൻറി ജോൺ കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

# ദൈവവിളി ക്യാമ്പ്

"ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ
അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത്
എന്നെ അനുഗമിക്കട്ടെ" (mt. 16/24)

കർത്താവായ യേശുക്രിസ്തുവിന്റെ ഈ ക്ഷണം ഇന്നും യുവഹൃദയങ്ങളിൽ ചലനം സൃഷ്ടിക്കുന്നു. ലോകം വിലകൽപ്പിക്കുന്ന സമ്പത്തും സ്ഥാനമാനങ്ങളും ജോലിയും വീടും ഉപേക്ഷിച്ച്, യേശുക്രിസ്തുവിനെ അടുത്തനുഗമിച്ച് സ്വജീവിതം വിശുദ്ധീകരിച്ച്, സഭയിൽ പൗരോഹിത്യ ശുശ്രൂഷചെയ്യാൻ ധാരാളം യുവാക്കന്മാർ ഇന്നും തയ്യാറാവുന്നു. നവീകരിക്കപ്പെടുന്ന സഭയ്ക്കും സമൂഹത്തിനുമായി വിജയപുരം രൂപതയിലെ യുവാക്കന്മാരിൽ നിന്നും തന്റെ നിത്യപൗരോഹിത്യത്തിൽ പങ്കുചേരാൻ ക്രിസ്തുനാഥൻ പലരേയും വിളിക്കുന്നുണ്ട്. സുവിശേഷത്തെ സർവ്വാത്മനാ ആശ്ലേഷിച്ചും കൂദാശകൾ പരികർമ്മം ചെയ്തും രൂപതയിലെ ദൈവജനത്തെ സ്നേഹത്തോടെ ശുശ്രൂഷിച്ചും ക്രിസ്തുവിന്റെ പുരോഹിതനായിത്തീരാൻ താല്പര്യമുള്ള 10-ാംക്ലാസോ അതിനു മുകളിലോ പഠിക്കുന്ന ആൺകുട്ടികളെ പ്രത്യേകം ക്ഷണിക്കുന്നു. ദൈവവിളിയെക്കുറിച്ച് ബോദ്ധ്യം നേടാനും, പ്രാർത്ഥനാപൂർവ്വം തീരുമാനം എടുക്കുവാനും സഹായിക്കുന്ന രൂപതാ ദൈവവിളി ക്യാമ്പ് അതിനായി ക്രമീകരിച്ചിരിക്കുന്നു. ക്രിസ്തുവിനായി ജീവിതം സമർപ്പിക്കാനും, രൂപതയിലെ ഒരു വൈദികനായിത്തീരാനും ആഗ്രഹിക്കുന്ന എല്ലാ ധീരയുവാക്കളെയും സ്നേഹത്തോടെ ഈ ക്യാമ്പിലേക്ക് ക്ഷണിക്കുന്നു.

**തീയതി : 2020 ഏപ്രിൽ 1,2,3**
**സമയം : ബുധനാഴ്ച വൈകുന്നേരം 4 ന് ആരംഭിച്ച്**
**3-ാംതീയതി വെള്ളിയാഴ്ച 10ന് അവസാനിക്കുന്നു.**
**സ്ഥലം : കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്റർ**

**ബഹു. വികാരിയച്ചന്റെ കത്ത്, ബൈബിൾ, നോട്ട് ബുക്ക്,**
**ആവശ്യമായ മറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം**

"വിളവധികം, വേലക്കാരോ ചുരുക്കം: അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" എന്ന് ക്രിസ്തുവചനങ്ങളെ ധ്യാനിച്ച്, രൂപതയിൽ ധാരാളം ദൈവവിളി ഉണ്ടാകുവാനായി എല്ലാവരുടെയും വിലയേറിയ പ്രാർത്ഥനാസഹായം യാചിച്ചുകൊള്ളുന്നു.

**ഫാ. മാത്യു ഒഴത്തിൽ**
വൊക്കേഷൻ പ്രൊമോട്ടർ, ഇൻഫന്റ് ജീസസ് മൈനർ സെമിനാരി, കോട്ടയം-2
**ഫോൺ : 7593934355, 9496564652**

# ഇടവക വാർത്തകൾ

## നല്ലയിടയൻ ഇടവകോത്സവം



കോട്ടയം നല്ലയിടയൻ ഇടവകയിൽ കുടുംബകൂട്ടായ്മ സ്ഥാപിതമായതിന്റെ 33-ാം വാർഷികവും ബ്ലോക്ക് തലങ്ങളിൽ നടത്തിയ കൊയ്നോണിയ- 2019 ആഘോഷങ്ങളുടെ ഇടവകതല സമാപനവും ജനുവരി 25 -26 തീയതികളിൽ വിവിധ പരിപാടികളോടെ "ഇടവകോത്സവ"മായി ആഘോഷിച്ചു. 25-നു വൈകുന്നേരം 4 -നു ആഘോഷമായ സമൂഹബലിയോടെ പരിപാടികൾ ആരംഭിച്ചു. വികാരി റവ.ഫാ. ബേസിൽ പാദുവ ഒ.സി.ഡി. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ കലാപരിപാടികൾ കുടുംബകൂട്ടായ്മകളുടെയും സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടത്തിയത് ഏറെ ആകർഷണീയമായിരുന്നു. ഗ്ലോറിയ 2019- ക്രിസ്തുമസ് സന്ദേശയാത്ര പരിപാടിയുടെ പുനരവതരണവും നടത്തി. സമ്മേളനത്തിൽവച്ച് ഇടവകയിൽ സവിശേഷമായ രീതിയിൽ ദീർഘകാല സേവനം ചെയ്ത 40-ലധികം പേരെ മെമെന്റോ നൽകി ആദരിച്ചു.

26-ന് 4 മണിക്ക് ആഘോഷമായ സമാപനദിവ്യബലിക്ക്, വികാരിയച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. സംഗീത സംവിധായകൻ ബെന്നി ജോൺസന്റെ നേതൃത്വത്തിൽ ദിവ്യബലിക്ക് 51 അംഗ ഗായകസംഘം ഗാനാലാപന ശുശ്രൂഷ നിർവ്വഹിച്ചത് ശ്രദ്ധയാകർഷിക്കുകയുണ്ടായി. രണ്ടുതവണ ഇടവകയിൽ വികാരിയായി സേവനമനുഷ്ഠിച്ച ബഹു. ക്ലീറ്റസ് നെടീപറമ്പിൽ ഒ.സി.ഡി. അച്ചൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽവച്ച് തിരുനാൾ പ്രസുദേന്തിമാരായ 192 ദമ്പതികൾക്ക് ഉദ്ഘാടകൻ പുരസ്കാരങ്ങൾ നൽകി. തുടർന്ന് സ്നേഹവിരുന്നോടെ എല്ലാവർക്കും നവോന്മേഷം പകർന്ന ഇടവകോത്സവത്തിനു പരിസമാപ്തിയായി.

## പൂവം സെന്റ് ജോസഫ്



പൂവം സെന്റ് ജോസഫ് ഇടവകയിലെ പി.ഡി.സി. യുടെയും ആശാകിരണം പ്രവർത്തകരുടെയും സംയുക്താഭിമുഖ്യത്തിൽ ലോക കാൻസർദിനാചരണത്തോടെനുബന്ധിച്ച് പ്രേഷിത റാണി കോൺവെന്റിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കാൻസർ കെയർ സെന്ററിലെ അന്തേവാസികൾക്ക് ഉച്ചഭക്ഷണം നൽകി. ഇടവക വികാരി റവ.ഫാ. ജോർജ് ലോബോ, പ്രേഷിതറാണി കോൺവെന്റ് മദർ സുപ്പീരിയർ റവ.സി. സുജിത, റവ.സി. ഡെന്നീസ്, പി.ഡി.സി. ആശാകിരണം പ്രവർത്തകർ എന്നിവർ ഉച്ചഭക്ഷണം കൊടുക്കുവാൻ നേതൃത്വം നൽകി.

## മേഖലാ സെമിനാർ



കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ വിജയപുരം രൂപതയുടെ ആഭിമുഖ്യത്തിൽ കോട്ടയം മേഖലാ സമ്മേളനവും സെമിനാറും നടന്നു. രൂപത പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ഫെറോന വികാരി വെരി. റവ. ഫാ. ബേസിൽ പാദുവാ. ഒ.സി.ഡി. സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ഷെറി ജെ. തോമസ് പൗരത്വഭേദഗതിബിൽ എന്ന വിഷയത്തിൽ വിശദമായ ക്ലാസ്സെടുത്തു. സംസ്ഥാന ട്രഷറർ എബി കുന്നേൽപ്പറമ്പിൽ, രൂപതാ ജനറൽ സെക്കട്ടറി ഷീജോ ബാബു പുളിമൂട്ടിൽ, രൂപതാ ഡയറക്ടർ ഫാ. ജോഷി പുതുപ്പറമ്പിൽ, ഫാ. അഗസ്റ്റിൻ മേച്ചേരി, പൂവം ബേബി, ജോർജ് കെ. ആന്റണി, അന്നമ്മ ജോൺ, വി.എസ്. ആന്റണി, കെ.എം. വർഗീസ്, ജോസുകുട്ടി പനച്ചിക്കൽ, സജി കൊച്ചുവീട്ടിൽ എന്നിവർ സെമിനാറിൽ സംസാരിച്ചു.

# മതബോധനരംഗം –സന്യസ്ത ദിനാചരണം വിവിധ ഇടവകകളിൽ



കാട്ടാമ്പാക്ക് ചെറുപുഷ്പ ദൈവാലയം



മാരാമൺ സെന്റ് ജോസഫ് ദൈവാലയം



കുമരകം സെന്റ്.പീറ്റേഴ്സ് ദൈവാലയം


പൊതി സെന്റ് മൈക്കിൾസ് ദൈവാലയം


കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയം


കുന്നന്താനം ഫാത്തിമാഗിരി ദൈവാലയം


വണ്ടിപെരിയാർ അസംപ്ഷൻ ദൈവാലയം

# സംഘടനാവാർത്തകൾ– തിരുബാലസഖ്യദിനാചരണം വിവിധ ഇടവകകളിൽ



കാട്ടാമ്പാക്ക് ചെറുപുഷ്പ ദൈവാലയം



വനവാതൂക്കര ലിറ്റിൽ ഫ്ളവർ ദൈവാലയം



കുന്നന്താനം ഫാത്തിമാഗിരി ദൈവാലയം



കുമരകം സെന്റ് പീറ്റേഴ്സ്
ദൈവാലയം



വണ്ടിപ്പെരിയാർ
അസംപ്ഷൻ ദൈവാലയം



കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയം



അമയന്നൂർ എസ്.എച്ച്. ദൈവാലയം



നട്ടാശ്ശേരി സെന്റ് മേരീസ് ദൈവാലയം

# വി.എസ്.എസ്.എസ്. വാർത്തകൾ

## കാൻസറിനെതിരെ സന്ദേശ പ്രചരണ ജലയാത്ര



സമാപന സമ്മേളന ഉദ്ഘാടനം
അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽപിതാവ്



ഉദ്ഘാടനം - പി.കെ. സുധീർബാബു ജില്ലാകളക്ടർ



സന്ദേശം ഡി.എം.ഒ.
ഡോ. ജേക്കബ് വർഗീസ്



സമാപനസസമ്മേളനം
ഫാ. മാത്യു സുഭാഷ് വ്യാക്കഴ



കളക്ടർ ഫ്ളാഗ് ഓഫ് ചെയ്യുന്നു



ക്ലാസ് ഡെപ്യൂട്ടി ഡി.എം.ഒ. ഡോ.വി.എൻ. വിദ്യാധരൻ




നന്ദിപ്രകാശനം അസി. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ



**വി**ജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ ആഭിമുഖ്യത്തിൽ ലോക കാൻസർ ദിനാചരണത്തോടനുബന്ധിച്ച് കാൻസറിനെതിരെയുള്ള സന്ദേശ പ്രചരണ ജലയാത്ര സംഘടിപ്പിച്ചു. കേരള സർക്കാർ ആരോഗ്യ വകുപ്പ്, ആരോഗ്യകേരളം എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കപ്പെട്ട സന്ദേശയാത്ര കോട്ടയം കോടിമത ബോട്ട് ജെട്ടിയിൽ ജില്ലാ കളക്ടർ പി.കെ. സുധീർ ബാബു ഫ്ളാഗ് ഓഫ് ചെയ്തു. സാംക്രമിക രോഗ പ്രതിരോധത്തിന് സർക്കാർ സംവിധാനങ്ങൾക്ക് പിന്തുണ നൽകുന്ന സമൂഹം ജീവിത ശൈലി രോഗങ്ങൾക്കെതിരെയും ജാഗ്രത പുലർത്തണമെന്ന് അദ്ദേഹം പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജേക്കബ് വർഗീസ് അധ്യക്ഷതവഹിച്ചു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ സ്വാഗതമാശംസിച്ചു. ജലയാത്രയും ഉദ്ദേശ്യലക്ഷ്യങ്ങളും അദ്ദേഹം വിവരിച്ചു. സൊസൈറ്റി അസി. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ ഡെപ്യൂട്ടി ഡി.എം.ഒ. പി.എൻ വിദ്യാധരൻ ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. വ്യാസ് സുകുമാരൻ, ആർദ്രം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ. അജയ് മോഹൻ, കോട്ടയം നഗരസഭാഗംങ്ങളായ സനൽ കാണക്കാരി, ഷൈലജ ദിലീപ്കുമാർ, ആശാകിരണം കോ.-ഓർഡിനേറ്റർ പ്രമീല ജോർജ് , മാസ് മീഡിയ ഓഫീസർ ജെ. ഡോമി എന്നിവർ സംസാരിച്ചു. പിന്നീട് മൂന്ന് യന്ത്രബോട്ടുകളിലായി നീങ്ങിയ സന്ദേശയാത്രയിൽ പാറോച്ചാൽ, കാഞ്ഞിരം, ഒൻപതിനായിരം, വെട്ടിക്കാട് എന്നിവി

ടങ്ങളിൽ ജാഥാ, ക്യാപ്റ്റൻ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിന് പ്രദേശവാസികൾ സ്വീകരണം നൽകി. തുടർന്ന് ബോധവത്ക്കരണ ക്ലാസുകൾ നടന്നു. ജില്ലാ പഞ്ചായത്തംഗം ജയേഷ് മോഹനൻ, നഗരസഭാപ്രതിപക്ഷനേതാവ്, സി.എൻ സത്യനേശൻ, മുൻനഗരസഭാദ്ധ്യക്ഷൻ എം.പി. സന്തോഷ്കുമാർ, തിരുവാർപ്പ് പഞ്ചായത്തംഗങ്ങളായ പി.ആർ സുഭദ്ര, ഷേർളി പ്രസാദ്, ആശാ ഷിനിൽ എന്നിവർ വിവിധ സ്ഥലങ്ങളിലെ സ്വീകരണ സമ്മേളനങ്ങളിൽ പങ്കെടുത്തു. പാറോച്ചാൽ, കാഞ്ഞിരം, ഒൻപതിനായിരം, വെട്ടിക്കാട് എന്നിവിടങ്ങളിൽ അസി. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ ജാഥയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ., ഡോ. വി.എൻ. വിദ്യാധരൻ ക്ലാസുകൾ നയിച്ചു. കാഞ്ഞിരത്ത് എസ്.എൻ.ഡി.പി. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും പ്രചരണ ജാഥയുടെ ഭാഗമായി.

കുമരകത്ത് നടന്ന സമാപന സമ്മേളനം ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിലിന്റെ അദ്ധ്യക്ഷതയിൽ അഭിവന്ദ്യസെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് ഉദ്ഘാടനം ചെയ്തു. നമ്മുടെ ജീവനും, ആരോഗ്യവുമായി ബന്ധപ്പെട്ട വലിയൊരു ഘടകമാണ് ജലം. വായു, മണ്ണ് എന്നിവയ്ക്കൊപ്പം ജലവും വൻ തോതിൽ മലിനീകരിക്കപ്പെട്ടിരിക്കുന്നു. ശബ്ദമലിനീകരണവും ഇന്നിന്റെ പ്രശ്നമാണ്. ജലമാർഗ്ഗമുള്ള ഈ പ്രചരണയാത്ര ആ നിലയ്ക്ക് പ്രസക്തിയുള്ളതാണ്. മാരകരോഗങ്ങളെ ചെറുക്കാൻ ആധുനിക വൈദ്യശാസ്ത്രത്തിനൊപ്പം നമ്മുടെ ആത്മീയതയും ചേർത്തുവയ്ക്കണം. അപ്പോൾ മാത്രമേ ഫലപ്രാപ്തിയുണ്ടാവൂ. അഭിവന്ദ്യ പിതാവ് ചൂണ്ടിക്കാട്ടി. ഫാ. സ്റ്റീഫൻ പണ്ടാരപ്പള്ളിൽ, കുമരകം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഫിലിപ്പ് സഖറിയാ. വി.എസ്.എസ്.എസ്. വൈസ് പ്രസിഡന്റ് ജോസ് പി. ചാക്കോ എന്നിവർ സംസാരിച്ചു. ഡോ. വി.എൻ. വിദ്യാധരൻ ബോധവത്ക്കരണ ക്ലാസ് നൽകി. കുമരകം ജനകീയ വികസന സമിതി പ്രസിഡന്റ് ഫാ. സുഭാഷ് മാത്യു വ്യാക്കഴ സ്വാഗതവും വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ നന്ദിയും പറഞ്ഞു. ജോസ് ഇരുപത്താറിൽചിറ, ജിജോ കുളത്തോട്ടിൽ, ഷാർലിൻ പീറ്റർ എന്നിവരുടെ നേതൃത്വത്തിൽ വേളൂർ, കുമരകം എന്നിവിടങ്ങളിലെ ഇടവക, ജനകീയ വികസനസമിതിയംഗങ്ങൾ, ചൈൽഡ്ലൈൻ പ്രവർത്തകർ, ആശാകിരണം സന്നദ്ധപ്രവർത്തകർ, സംഘാംഗങ്ങൾ, ആനിമേറ്റർമാർ, ഓഫീസ് ജീവനക്കാർ തുടങ്ങിയവർ പ്രചരണ പരിപാടിയിൽ പങ്കെടുത്തു. ജലയാത്രയ്ക്കൊപ്പം ചെറുബസ്സുകളിലും, ഇരുചക്രവാഹനങ്ങളിലുമായി വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും കരമാർഗ്ഗം സന്ദേശയാത്രയെ അനുധാവനം ചെയ്തു. യാത്രയ്ക്കു മുന്നോടിയായി എല്ലാ കേന്ദ്രങ്ങളിലും കോട്ടയം കമ്മ്യൂണിക്കേഷൻസിലെ കലാകാരന്മാർ സംഗീത പരിപാടി അവതരിപ്പിച്ചു.

വിവിധ സർക്കാർ വകുപ്പുകൾ മാധ്യമ സ്ഥാപനങ്ങൾ, സന്നദ്ധ സംഘനടകൾ ഇവയുടെ റിപ്പോർട്ടുകളിൽ കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളുൾപ്പെടുന്ന അപ്പർ കുട്ടനാട്ടിൽ അർബുദരോഗത്തിന്റെ സാന്നിദ്ധ്യം ഏറെയാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങളിലൂടെയാണ് സന്ദേശയാത്ര കടന്നുപോയത്. ഇവിടെ സ്വീകരണ സമ്മേ

ളനങ്ങളിൽ പങ്കെടുത്ത പൊതുജനങ്ങളും ജനപ്രതിനിധികളും ഈ വിഷയത്തിൽ അവർക്കുള്ള ആകുലതകൾ പങ്കുവയ്ക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ആശാകിരണം പദ്ധതി കോ- ഓർഡിനേറ്റർ പ്രമീല ജോർജ് പ്രവർത്തന ഏകോപനം നടത്തി.

**ആശാകിരണം പദ്ധതിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ചു നൽകിയ തുക**

കുന്നുംഭാഗം 1000/- പെരുമ്പെട്ടി 4250/-, മധുരവേലി-3000/-, മാരാമൺ 12500/, കോട്ടയം - 810/-

## സ്പർശം 2020



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാരുടെ പുനരധിവാസം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന 'രേഖാ സ്വിസ്' പദ്ധതിയുടെ ആഭിമുഖ്യത്തിൽ, ഭിന്നശേഷിക്കാരുടെ സംഗമവും അർഹരായവർക്കുള്ള സ്വയം തൊഴിൽ വായ്പാവിതരണവും വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്രകാര്യാലയമായ അമലനിലയത്തിൽ നടന്നു. ഇതോടനുബന്ധിച്ച് നടന്ന യോഗം രൂപതാ വികാരി ജനറാൾ മോൺ ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രേഖാസ്വിസ് പദ്ധതിയുടെ സ്ഥാപകനും, കോ-ഓർഡിനേറ്ററുമായ ജോസഫ് ഏർത്തോട്ട് ഉദ്ഘാടനം ചെയ്തു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ആമുഖ സന്ദേശം നൽകി. ഭിന്നശേഷിക്കാരായ 16 പേർക്കുള്ള സ്വയം തൊഴിൽ വായ്പാ വിതരണത്തിനുപുറമേ, വിജയ് അയൽക്കൂട്ടങ്ങൾക്ക് വിവിധ പദ്ധതികൾക്കായി അനുവദിച്ച വായ്പാ വിതരണവും നടന്നു. കോ-ഓർഡിനേറ്റർ രാജു ടി.കെ. സ്വാഗതവും, പ്രോജക്ട് ഓഫീസർ കെ.പി. ജോൺ നന്ദിയും രേഖപ്പെടുത്തി.

# വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിവിധ പദ്ധതികളുടെ കീഴിൽ കഴിഞ്ഞമാസം ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ

| പേര് | ഇടവക | പദ്ധതി | ഉദ്ദേശ്യം | തുക |
|---|---|---|---|---|
| 1. റോയി | ചെങ്ങളം | വീഷെയർ | ഭവനനിർമ്മാണം | 50000/- |
| 2. ആനിയമ്മജോൺസൺ | വാഴൂർ | വീഷെയർ | ഭവനനിർമ്മാണം | 2,50,000/- |
| 3. മിനി ജോഷി | നട്ടാശ്ശേരി | വീഷെയർ | ഭവനനിർമ്മാണം | 80000/- |
| 4. ഗീതു ബാബു | നട്ടാശ്ശേരി | വീഷെയർ | ഭവനനിർമ്മാണം | 60000/- |
| 5. നിഷ വി.വി | കുടമാളൂർ | വീഷെയർ | ഭവനനിർമ്മാണം | 55000/- |
| 6. ജോയി ഈ.എം. | നട്ടാശ്ശേരി | വീഷെയർ | ഭവനനിർമ്മാണം | 40000/- |
| 7. ജയ ഷാജി | തിരുവഞ്ചൂർ | വീഷെയർ | ഭവനനിർമ്മാണം | 10000/- |
| 8. എജിലി പീറ്റർ | വേളൂർ | വീഷെയർ | വിദ്യാഭ്യാസം | 3500/- |
| 9. വർക്കി ദേവസ്യ | ഇലയ്ക്കാട് | വീഷെയർ | വിദ്യാഭ്യാസം | 7000/- |
| 10. സാമുവൽ | ഇടമൺ | വീഷെയർ | ചികിത്സാസഹായം | 2000/- |
| 11. ഷാജിപാപ്പൻ | മറ്റത്തുംഭാഗം | വീഷെയർ | ആടുവളർത്തൽ | 1000/- |
| 12. ബിജു | വെട്ടിമുകൾ | വീഷെയർ | ആടുവളർത്തൽ | 25000/- |
| 13. ജോസ്നാ മോൾ | തെള്ളകം | വീഷെയർ | ആടുവളർത്തൽ | 20000/- |
| 14. മഹേഷ് ജോസഫ് | പട്ടിത്താനം | വീഷെയർ | ആടുവളർത്തൽ | 5000/- |
| 15. എൽസി ചെറിയാൻ | വെട്ടിമുകൾ | വീഷെയർ | വസ്ത്രവ്യാപാരം | 5000/- |
| 16. ജയ ഷാജി | തിരുവഞ്ചൂർ | വീഷെയർ | ഓട്ടോറിക്ഷ | 18000/- |
| 17. സാറാമ്മ തോമസ് | വാഴൂർ | ആശാകിരണം | ചികിത്സാസഹായം | 5000/- |
| 18. മിനിമോൾ | വൈശ്യംഭാഗം | രേഖാസ്വിസ് (വായ്പ) | തയ്യൽ | 15000/- |
| 19. സ്വരൂപ് | തെള്ളകം | രേഖാസ്വിസ് (വായ്പ) | തയ്യൽ | 20000/- |
| 20. ജോസ് | കുട്ടിക്കാനം | രേഖാസ്വിസ് (വായ്പ) | കച്ചവടം | 20000/- |
| 21. ആന്റണി | കുമരകം | രേഖാസ്വിസ് (വായ്പ) | കച്ചവടം | 20000/- |
| 22. ഡിംബിൾ ഹാർമിസ് | കോട്ടയം | രേഖാസ്വിസ് (വായ്പ) | സോപ്പ്പൊടി | 15000/- |
| 23. പൈലി എം.ഡി. | മധുരവേലി | രേഖാസ്വിസ് (വായ്പ) | കൃഷി | 20000/- |
| 24. ബെറ്റി സേവ്യർ | നെടുമുടി | രേഖാസ്വിസ് (വായ്പ) | കൃഷി | 15000/- |
| 25. അജിഷ് ബാബു | വനവാതുക്കര | രേഖാസ്വിസ് (വായ്പ) | കൃഷി | 20000/- |

| | | | | |
|---|---|---|---|---|
| 26. സ്മിതാ കെ. | മധുരവേലി | രേഖാസ്വിസ് (വായ്പ) | കൃഷി | 20000/- |
| 27. സിന്ധു ദേവസ്യ | നെടുമുടി | രേഖാസ്വിസ് (വായ്പ) | കൃഷി | 15000/- |
| 28. ബിൻസി മാത്യു | വനവാതൂക്കര | രേഖാസ്വിസ് (വായ്പ) | കൃഷി | 20000/- |
| 29. ത്രേസ്യാമ്മ ദേവസ്യ | മുണ്ടക്കയം | രേഖാസ്വിസ് (വായ്പ) | കൃഷി | 15000/- |
| 30. ത്രേസ്യാമ്മ ദേവസ്യ | മുണ്ടക്കയം | രേഖാസ്വിസ് (വായ്പ) | കൃഷി | 15000/- |
| 31. ജെസി ജോസഫ് | തെള്ളകം | രേഖാസ്വിസ് (വായ്പ) | കൃഷി | 20000/- |
| 32. തങ്കമ്മ രാജു | തെള്ളകം | രേഖാസ്വിസ് (വായ്പ) | കളിപ്പാട്ടനിർമ്മാണം | 15000/- |
| 33. മരിയ സേവ്യർ | പൂവം | രേഖാസ്വിസ് (വായ്പ) | പലഹാരവില്പന | 20000/- |
| 34. ലൈസമ്മ ജോസഫ് | നെടുമുടി | രേഖാസ്വിസ് (വായ്പ) | ഔഷധം | 15000/- |
| 35. ബാബു കെ.എ. | കുറിച്ചി | പൊതുവായത് | വീട് അറ്റകുറ്റപണി | 50000/- |
| 36. ജോസ് കെ.ഐ. | കുറിച്ചി | പൊതുവായത് | വീട് അറ്റകുറ്റപണി | 50000/- |
| 37. ലീലാമ്മ | കുറിച്ചി | പൊതുവായത് | വീട് അറ്റകുറ്റപണി | 15000/- |
| 38. ജോയ് വർഗീസ്. | തിരുവല്ല | പൊതുവായത് | വീട് അറ്റകുറ്റപണി | 30000/- |

ഇതിനുപുറമേ വിശപ്പിനും രോഗത്തിനുമെതിരെയുള്ള നിധിയിൽ നിന്നും 81500/- രൂപയും ചാരിറ്റിയിനത്തിൽ 19290 രൂപയും നൽകിയിട്ടുണ്ട്.



**വീ ഷെയർ വരുമാനവർദ്ധക സംരംഭം ആടുവളർത്തൽ – ഡെയ്സി ജോൺ, പൊടിമറ്റം**



# അഭിവന്ദ്യ പിതാവിന്റെ
## ഏപ്രിൽ മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 03 | വെള്ളി | | - | PPD |
| 04 | ശനി | 6.30 am | - | ദിവ്യബലി,വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| | | 5.00 pm | - | ദിവ്യബലി, ബൈബിൾ കൺവെൻഷൻ, പൊടിമറ്റം |
| 05 | ഞായർ | 7.30 am | - | ഓശാന ഞായർ, ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| 07 | ചൊവ്വ | 10.00 am | - | ദിവ്യബലി, സെന്റ് ആന്റണീസ് ചാപ്പൽ, നാഗമ്പടം |
| | | 7.00 pm | - | വൈദികദിന സമ്മേളനം, വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം. |
| 08 | ബുധൻ | 7.30 am | - | തൈലാശീർവ്വാദപൂജ, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| 09 | വ്യാഴം | 6.30 pm | - | പെസഹാ വ്യാഴം, തിരുവത്താഴപൂജ,വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| 10 | വെള്ളി | 3.30 pm | - | ദുഃഖവെള്ളി, പീഡാനുഭവതിരുകർമ്മം, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| 11 | ശനി | 7.00 am | - | വലിയ ശനി, പ്രഭാതപ്രാർത്ഥന, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| | | 9.30 pm | - | ഈസ്റ്റർ ജാഗരം, ഉയിർപ്പിന്റെ തിരുകർമ്മങ്ങൾ, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| 12 | ഞായർ | 10.30 am | - | ദിവ്യബലി, അഭയഭവൻ, കോട്ടയം. |
| 14 | ചൊവ്വ | 9.45 am | - | തിരുനാൾ കൊടിയേറ്റ്, സെന്റ് ആന്റണീസ് തിരുശേഷിപ്പ് തീർത്ഥാടനകേന്ദ്രം, നാഗമ്പടം |
| 17 | വെള്ളി | | - | PPD |
| 18-19 | ശനി, ഞായർ | | - | ഇടയസന്ദർശനവും, സ്ഥൈര്യലേപനവും ലിറ്റിൽ ഫ്ളവർ ദൈവാലയം, എലിക്കുളം |
| 23 | വ്യാഴം | 10.30 am | - | വിവാഹ ആശീർവാദം സെന്റ് ജോസഫ്സ് ദൈവാലയം, തിരുവല്ല |
| 24 | വെള്ളി | | - | PPD |
| 25 | ശനി | 11.00 am | - | ദിവ്യബലി, സി.റ്റി.സി. സന്യസ്ത വ്രതവാഗ്ദാന സുവർണ്ണ ജൂബിലി, നല്ല ഇടയൻ ദൈവാലയം, കോട്ടയം |
| 26 | ഞായർ | 3.00 pm | - | തിരുനാൾ ദിവ്യബലി സെന്റ് ആന്റണീസ് തിരുശേഷിപ്പ് തീർത്ഥാടനകേന്ദ്രം, നാഗമ്പടം |

*NB : ലിസ്റ്റ് പൂർണ്ണമല്ല*



രൂപതാ മൈനർ സെമിനാരി രക്ഷാകർത്തൃ സമ്മേളനം




MARCH 2020
Vol. 13 • Issue 3
*Published on*
1st March 2020

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 60.00

Registered No. **KL/KTM/117/2020-22**
LIC. No. **KL/CR/KTM/WPP-03/2020-22**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

**A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA**




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180